# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.15 | No.3 | കാർത്തികപ്പള്ളി | R.No. 7361/02 | 2015 MARCH

e-paper : vedabhimani

## വിര ചിന്തിക്കുന്നതുപോലെ

10,000 കോടി ന്യൂറോണുകൾ, 3,70,000,000 കോടി കോശങ്ങൾ. മനുഷ്യ തലച്ചോറിനെ അനുകരിക്കാൻ ഇറങ്ങിപ്പുറപ്പെട്ട ഗവേഷകർ വെറും 300 ന്യൂറോണുകളുള്ള വിരയെ ഉണ്ടാക്കി. വിരയുടെ തലച്ചോറിലുള്ള ന്യൂറോണിനെയും 1000 കോശങ്ങളെയും കൃത്രിമമായി ഉണ്ടാക്കുന്നതിലാണ് കാലിഫോർണിയയിലെ ഓപ്പൺവേം ഗ്രൂപ്പ് നേട്ടം കൊയ്തത്. അവസാനം ഈ "തലച്ചോറിനെ" ലെഗോ റോബോട്ടിൽ ചേർത്തതോടെ ഗവേഷണം പുതിയ തലത്തിലേക്കു കടന്നു. പദ്ധതി വിജയിച്ചാൽ പുതിയ തരം ഉപകരണങ്ങൾ യാഥാർഥ്യമാക്കാമെന്നാണു ഗവേഷകരുടെ പ്രതീക്ഷ.

വിര ചിന്തിക്കുന്നതുപോലെയാണു റോബോട്ടിന്റെ "തലച്ചോറും പ്രവർത്തിക്കുക''.



വിരയുടെ ശരീരത്തിന്റെ പ്രവർത്തനം പകർത്താൻ ഏറെ ബുദ്ധിമുട്ടേണ്ടിവരും. വിര തടസങ്ങളെ നേരിടുന്ന രീതി റൊബോട്ട് യാഥാർത്ഥ്യമാക്കിയിട്ടില്ല. പദ്ധതി പൂർണ വിജയമാകണമെങ്കിൽ "വിര റൊബോട്ട്" സ്വയം ഭക്ഷണവും കണ്ടെത്തണമെന്നു ന്യൂയോർക്കിലെ വെസാർ കോളേജിലെ ന്യൂറോസയന്റിസ്റ്റ് ജോൺ ലോംഗ് പറഞ്ഞു.

സഞ്ചാരം, ഇരതേടൽ, പ്രത്യുൽപ്പാദനം തുടങ്ങിയ ശാരീരിക പ്രവർത്തനങ്ങൾ ഒന്നും യന്ത്ര വിരയിൽ പ്രായോഗികമായിട്ടില്ല. മനുഷ്യതലച്ചോർ നിർമ്മിക്കാൻ പുറപ്പെട്ട് വർഷങ്ങളുടെ ഗവേഷണത്തിനൊടുവിൽ വെറും ഒരു വിരയെപോലും യാഥാർത്ഥ്യമാക്കാൻ ശാസ്ത്രത്തിനു സാധിക്കുന്നില്ല.

ഒരു വിരയെ നിർമ്മിക്കാൻ അനേക പരീക്ഷണ നിരീക്ഷണങ്ങളും കൂട്ടായ യത്നവും ഭാരിച്ച സാമ്പത്തികവും വേണ്ടിവന്നിരിക്കെ അതേ ശാസ്ത്രത്തെ കൂട്ടുപിടിച്ച് പ്രപഞ്ചവും അതിലെ ജീവജാലങ്ങളും തനിയെ ഉളവായി എന്ന് ചിലർ വാദിക്കുന്നു. നിർമ്മാണത്തിനു പിന്നിൽ നിർമ്മാതാവും സൃഷ്ടിക്കു പിന്നിൽ സൃഷ്ടാവും ഉണ്ടായിരിക്കും എന്ന യാഥാർത്ഥ്യം ആർക്ക് നിഷേധിക്കാൻ കഴിയും?

## ഇവരും ആദിവാസികൾ

ഗോത്രവർഗക്കാരെന്നും ആദിവാസികളെന്നും കേൾക്കുമ്പോൾ നമ്മുടെ മനസിൽ തെളിഞ്ഞുവരുന്ന രൂപം കറുത്തിരുണ്ട്, പാതിവസ്ത്രധാരികളെയാണ്.

ആഫ്രിക്കൻ വനാന്തരത്തിലുള്ള ആദിവാസികളിൽ ചില വിഭാഗത്തിന് വസ്ത്രംപോലുമില്ല. കുളിയും ജപവുമില്ലാത്ത പ്രാകൃത മനുഷ്യർ. എന്നാൽ ഈ ധാരണകളെല്ലാം തെറ്റാണെന്ന് പാക്കിസ്ഥാനിലെ വെളുത്ത ഗോത്രവർഗക്കാരെ കാണുമ്പോൾ നമുക്കു മനസിലാകും. വടക്കുപടിഞ്ഞാറൻ പാക്കിസ്ഥാനിലെ ഉൾപ്രദേശമായ ഹിന്ദുകുഷ് പർവതങ്ങളുടെ താഴ്വാരങ്ങളായ ബിരിർ, ബംബുററ്റ്, റാംബൂർ എന്നിവിടങ്ങളിൽ വസിക്കുന്ന സ്വർണത്തലമുടിയും നീലക്കണ്ണുകളുമുള്ള പ്രാചീന ഗോത്രവർഗമാണ് കലാഷ്. ആയിരക്കണക്കിനു വർഷങ്ങളായി തങ്ങളുടെ പൂർവികർ ഇവിടെ വസിക്കുന്നതായി അവർ അവകാശപ്പെടുന്നു. കലാഷ് ഗോത്രവർഗക്കാർ പാവപ്പെട്ടവരും കൃഷിക്കാരുമാണ്. താഴ്വരയിലൂടെ ഒഴുകുന്ന നദികൾ കൃഷിയിടങ്ങളെ ഫലഭൂയിഷ്ഠമാക്കുന്നു. ഗോതമ്പ്, ചോളം, മുന്തിരി, ആപ്പിൾ, ശീമബദാം തുടങ്ങിയവ കൃഷി ചെയ്യുന്നു. കുന്നുകളുടെ വശങ്ങളിലായി പുരാതന രീതിയിൽ ഓക്കുമരം ഉപയോഗിച്ചാണു വീടുകളുടെ നിർമാണം.



കറുത്ത വസ്ത്രം ധരിക്കുന്നവർ എന്നാണ് കലാഷ് എന്ന വാക്കിന്റെയർത്ഥം. ചിത്രത്തുന്നലുകളുള്ള കറുത്ത വസ്ത്രമാണ് കലാഷ് സ്ത്രീകളുടെ വേഷം. പരമ്പരാഗതമായ സൽവാർ കമീസാണു പുരുഷന്മാരുടെ വേഷം.

ദൈവവിശ്വാസവും ആരാധനയുമെല്ലാം പുരാതന ഗ്രീക്ക് സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ചുറ്റുമുള്ള മുസ്ലീംങ്ങളിൽനിന്നും വ്യത്യസ്തമായ കാഴ്ചപ്പാടും വിശ്വാസവുമാണിവർക്കുള്ളത്.

## മൊബൈലും ടി.വി.യും ഇല്ലാത്ത നഗരം!

മൊബൈൽ ഫോണുകളോ വൈഫൈയോ റേഡിയോയോ പോലുമില്ലാത്ത ഒരു പട്ടണമുണ്ടെന്ന് കേട്ടാലോ? ഇക്കാലത്ത് ആരുമത് വിശ്വസിക്കില്ല, അല്ലേ? എന്നാൽ സംഗതി സത്യമാണ്. അമേരിക്കയിലെ ഗ്രീൻബാങ്ക് പട്ടണത്തിൽ ഇത്തരം ഇലക്ട്രോണിക് സാധനങ്ങളൊന്നും ആളുകൾ ഉപയോഗിക്കുന്നില്ല. കാരണമെന്താണെന്നോ? ഗ്രീൻബാങ്കിൽ ബഹിരാകാശപഠനത്തിനായി ഒരു ഭീമൻ ടെലിസ്ക്കോപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഇലക്ട്രോണിക് ഉപകരണങ്ങൾ പ്രവർത്തിച്ചാൽ അവയുടെ തരംഗങ്ങൾ ടെലിസ്ക്കോപ്പിന്റെ സിഗ്നലുകളെ ബാധിച്ചേക്കാം. അങ്ങനെ സംഭവിക്കാതിരിക്കാൻ അധികൃതർ ഇലക്ട്രോണിക് ഉപകരണങ്ങൾ നിരോധിച്ചു, അത്രതന്നെ!



## ക്രേസി ഹൗസ്

സ്വന്തമായി ഒരു വീട് എല്ലാവരുടേയും സ്വപ്നമാണ്. അത് മറ്റുള്ളവരുടേതിൽ നിന്ന് വ്യത്യസ്തവും ആകർഷകവുമായി പണിതുയർത്താനാണ് ഏവരും ആഗ്രഹിക്കുന്നതും. എന്നാൽ വ്യത്യസ്തത പുലർത്താൻ ഏതറ്റംവരെയും പോകുന്ന ചിലരുണ്ട്.



അത്തരത്തിൽ ഒരു വീടാണ് ക്രേസി ഹൗസ് എന്നറിയപ്പെടുന്ന തലതിരിഞ്ഞ വീട്. പേര് സൂചിപ്പിക്കുംപോലെ തലകീഴായി നിർമിച്ച വീടാണ് ക്രേസി ഹൗസ്.

ജർമനിയിലെ അഫോൾഡേൺ ഗ്രാമത്തിൽ എഡേർസീ തടാകത്തിനരികിലാണ് സഞ്ചാരികളെ ആകർഷിച്ചുകൊണ്ട് ക്രേസി ഹൗസ് തലകുനിച്ചു നിൽക്കുന്നത്. ഒരു സാധാരണ വീട് പറിച്ചെടുത്ത് തലകുത്തി നിർത്തിയിരിക്കുകയാണെന്നു തോന്നും കണ്ടാൽ. എന്നാൽ പുറംമോടിയിൽ മാത്രമല്ല ഈ വീടിന്റെ തലതിരിയൽ. അകത്തെ മുറികളെല്ലാം രൂപകൽപ്പന ചെയ്തിരിക്കുന്നതും തലതിരിച്ചുതന്നെ. നിരവധി സഞ്ചാരികളെയാണ് ഈ വീട് ആകർഷിക്കുന്നത്.

ഒന്നരമാസം കൊണ്ട് നിർമാണം പൂർത്തിയായ ക്രേസി ഹൗസിന് ചെലവായത് രണ്ട് ലക്ഷം യൂറോയാണ്. ഏതാണ്ട് ഒന്നരക്കോടി രൂപ. കഴിഞ്ഞ മേയിൽ നിർമിച്ച വീട് ഇതിനകം ലക്ഷക്കണക്കിന് ആളുകൾ സന്ദർശിച്ചിട്ടുണ്ട്.

## ഹൈടെക് കുട



ചൈനയിലെ ചില ഗവേഷകർ കണ്ടെത്തിയ ഒരു ഹൈടെക് കുട കണ്ടോളൂ. നീണ്ട ഒരു വടി മാത്രമേ ഈ കുടയ്ക്കുള്ളൂ. ഇതു കൊണ്ടെങ്ങനെ മഴയിൽ നിന്ന് രക്ഷപ്പെടും എന്നല്ലേ? ബാറ്ററി കൊണ്ട് പ്രവർത്തിക്കുന്ന ഈ 'കുട വടി' ക്കുള്ളിൽ വായുവിനെ അതിശക്തമായി പുറത്തേക്ക് തള്ളുന്ന യന്ത്രസംവിധാനങ്ങളുണ്ട്. മഴ പെയ്യുമ്പോൾ സ്വിച്ച് അമർത്തിയാൽ പുറത്ത് വരുന്ന വായു മഴത്തുള്ളികളെ തടഞ്ഞ് അവയുടെ സഞ്ചാരദിശയെ മാറ്റും. അപ്പോൾ മഴവെള്ളം നമ്മുടെ തലയിലേക്കു വീഴാതെ തെറിച്ചുപോകും. 2015-ൽതന്നെ ഈ ഇൻവിസിബിൾ എയർ അമ്പ്രല്ല ആളുകളിലേക്കെത്തിത്തുടങ്ങും.

## വിലകൂടിയ വീട്

ഇരുപത്തഞ്ചേക്കർ സ്ഥലത്തിനും ഒരു ബംഗ്ലാവിനും കൂടി എന്തു വില വരും? അതും അമേരിക്കയിലാണെങ്കിൽ?



കണക്കുകൂട്ടി ബുദ്ധിമുട്ടേണ്ട, 195 മില്യൺ ഡോളർ! (ഏകദേശം 11974950000 രൂപ) അമേരിക്കയിലാണ് ലോകത്തിലെ ഏറ്റവും വിലകൂടിയ ബംഗ്ലാവ് വിൽക്കാനായി പരസ്യം ചെയ്തിരിക്കുന്നത്. ലോസ്എഞ്ചൽസിൽ സ്ഥിതിചെയ്യുന്ന ഈ വീടിന് പാലസ് ഓഫ് ലൗ എന്നാണ് ഉടമസ്ഥനായ അമ്പത്തിമൂന്നുകാരൻ ജെഫ് ഗ്രീൻ നൽകിയിരിക്കുന്ന പേര്. (താജ്മഹൽ നിർമിക്കാൻ സാധിക്കാതെ ദുഃഖിക്കുന്നവർക്ക് വാങ്ങാം) ഇറ്റാലിയൻ നിർമിതമായ മാർബിളുകൊണ്ട് നിർമിച്ച വാതിലുകളാണ് അതിഥികളെ സ്വാഗതം ചെയ്യുന്നത്. 12 കിടപ്പുമുറികൾ, 13 കുളിമുറികൾ, 128 അടി നീളമുള്ള കുളം, 27 കാറുകൾ പാർക്ക് ചെയ്യാനുള്ള സൗകര്യം എന്നിവ ഈ പാലസിന്റെ ചില പ്രത്യേകതകൾ മാത്രം. 25 ഏക്കർ സ്ഥലത്ത് 35,000 സ്ക്വയർ ഫീറ്റാണ് ഈ വീടിനുള്ളത്.

| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
| --- | --- | --- | --- | --- | --- |
| ടി. എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ - Rs.150 \| മറ്റ് രാജ്യങ്ങൾ - Rs.2000 | വേദാഭിമാനി, കേരള 690516 |

# ഭയന്ന് പിന്മാറുകയോ

ക്രിസ്തീയ ആത്മീയതയുടെ ചലനാത്മകമായ സ്വഭാവം നിലനില്ക്കുന്നത് ജീവിക്കുന്ന ഒരു ദൈവത്തോടുള്ള ബന്ധത്തിലാണ്. ചില ഉപദേശങ്ങളും പഠിപ്പിക്കലും വിശ്വാസപ്രമാണങ്ങളും അതിന് സഹായകമെങ്കിലും, അതിനെയെല്ലാം ചൈതന്യവത്താക്കി തീർക്കുന്നത് ഉയർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തു എന്ന കർത്താവും ദൈവവും രക്ഷിതാവുമാണ്. 'നീതിമാൻ വിശ്വാസത്താൽ ജീവിക്കും' എന്ന് പഴയനിയമ പുസ്തകത്തിലെ പ്രവാചകന്മാരിലൂടെ വിളിച്ചറിയിക്കുമ്പോൾ അത് യഹോവയായ ദൈവത്തിലുള്ള ആശ്രയത്തെ വിളിച്ചറിയിച്ചിരുന്നു. പുതിയ നിയമ യുഗത്തിലേക്കു വന്നപ്പോൾ അത് ക്രിസ്തു എന്ന ദൈവപുത്രനിലുള്ള വിശ്വാസമായിത്തീർന്നു. ആ ദൈവപുത്രനിൽ പൂർണ്ണമായി വിശ്വസിച്ച് ആശ്രയിക്കുന്നതിനെയാണ് 'നീതിമാൻ വിശ്വാസത്താൽ ജീവിക്കും' എന്ന് പ്രഖ്യാപിക്കുന്നത്.

ചരിത്രത്തിൽ മാനവരക്ഷയ്ക്കായ് അവതരിച്ച ഒരുവൻ ക്രിസ്തു മാത്രമായിരിക്കെ, പുരാണങ്ങളിലും ചരിത്രത്തിലും നോവലുകളിലും കെട്ടുകഥകളിലും പരാമർശിക്കുന്ന കഥാപാത്രങ്ങളും ചരിത്രപുരുഷന്മാരുമായും ക്രിസ്തുവിനെ തുല്യതപ്പെടുത്തുന്ന സമീപനം, മനുഷ്യസമൂഹത്തോടു ദൈവം കാട്ടിയ നീതിയുടെയും സമാധാനത്തിന്റെയും ഐശ്വര്യത്തിന്റെയും പദ്ധതികൾക്ക് തുരങ്കം വയ്ക്കുന്നതാണ്.

യേശുക്രിസ്തുവിൽ ലഭ്യമായ പുതുലോകദർശനവും മാനവസമൂഹത്തിന് രക്ഷയും ജനതകളുടെ ഐക്യവും സാഹോദര്യത്വവും ലോകത്തിൽ മറ്റൊരു അവതാരങ്ങൾക്കും നൽകുവാൻ കഴിഞ്ഞിട്ടില്ല എന്നത് ഒരു ചരിത്രസത്യം മാത്രമാണ്. ക്രിസ്തുവിന്റെ സ്നേഹത്താൽ ആകർഷിക്കപ്പെട്ട്, ജീവിതത്തെ ബലിയായി നൽകി സമർപ്പിതരായി ഇന്നും ബഹുവിധ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന കോടാനുകോടി ശുശ്രൂഷകരെ നയിച്ചു ഭരിക്കുന്ന സ്നേഹത്തിന്റെ പരിശുദ്ധാത്മാവിനെ നൽകുവാൻ ക്രിസ്തുവിനു മാത്രമേ സാധിക്കൂ. ഈ യാഥാർത്ഥ്യത്തെ തള്ളിപ്പറഞ്ഞു കൊണ്ടോ വിസ്മരിച്ചുകൊണ്ടോ ക്രൈസ്തവസഭ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങൾക്കും തിരിച്ചടിയുണ്ടാകും.

വിളിക്കപ്പെട്ടവർ ദൈവമുമ്പാകെ മാത്രമല്ല, മനുഷ്യരുടെ മുമ്പാകെയും വിശ്വസ്തരായിരിക്കണം. അവരുടെ പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയും സ്നേഹവും പ്രതിഫലിക്കണം. ഭാരതത്തിൽ പ്രത്യേകിച്ച് കേരളത്തിൽ ഇന്ന് അരങ്ങേറുന്ന ക്രൈസ്തവർക്കു നേരെയുള്ള പീഢനങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ വരികൾ കുറിക്കുന്നത്. ഭൂലോകമെങ്ങും പോയി സകലജാതികളെയും ശിഷ്യരാക്കിത്തീർക്കുക എന്നതാണ് ക്രിസ്തുവിന്റെ അന്ത്യശാസനം. ഈ അന്ത്യശാസനം നല്ലതുതന്നെ എന്ന് താത്വികമായി അംഗീകരിക്കുമ്പോൾതന്നെ പീഢനം ഭയന്ന് അതു പ്രായോഗികമാക്കാൻ വിസമ്മതിക്കുന്ന പ്രവണതയാണ് ക്രിസ്തീയ ശുശ്രൂഷകരിൽ കണ്ടുവരുന്നത്.

ജനങ്ങൾക്കു ക്രിസ്തുവിനെ കൊടുക്കുന്നതിൽ സഭ അതിന്റെ പ്രവർത്തന ശൈലിയിൽ കാതലായ മാറ്റം വരുത്തേണ്ടിയിരിക്കുന്നു. ജനങ്ങൾക്കു യേശുവിനെ കൊടുക്കാതെ അത്ഭുതവും അനുഗ്രവും മാത്രം നൽകിയാൽ അവർ വഞ്ചിക്കപ്പെടുകയാണ്. അതു നടക്കയും, അത്യാവശ്യമായ സുവിശേഷം കൊടുക്കുന്നതിൽ മുൻഗണന നൽകുകയും വേണം. അത്ഭുതങ്ങളിലും അടയാളങ്ങളിലും അനുഗ്രഹങ്ങളിലും വിശ്വസിച്ചുവന്നവരാണ് മതപരിവർത്തനത്തിലൂടെ തങ്ങളുടെ പൂർവ്വമതങ്ങളിലേക്കു തിരിച്ചു പൊയ്ക്കൊണ്ടിരിക്കുന്നത്. ഭാരതജനതയ്ക്ക് ക്രിസ്തുവിനെ നൽകുന്നതിൽ സഭ അമാന്തിച്ചുകൂടാ. രക്ഷകനായ ക്രിസ്തുവിനെ അവർക്കു കൊടുക്കാതെവരുമ്പോൾ പ്രലോഭനങ്ങൾകൊണ്ടും മതപരിവർത്തനം നടത്താൻ ശ്രമിക്കുന്നു എന്ന് തെറ്റിദ്ധരിക്കപ്പെടുന്നു. ഈ തെറ്റിദ്ധാരണ മാറ്റിയെടുക്കാൻ മനുഷ്യന്റെ മനപരിവർത്തനത്തിനും ആത്മാവിന്റെ രക്ഷയ്ക്കും അത്യാവശ്യമായ സുവിശേഷം നൽകാൻ സഭകൾ തയ്യാറാകണം. അത് സ്വീകരിക്കാൻ തയ്യാറാകാത്തവരുടെ മുമ്പിൽ കാലിൽനിന്ന് പൊടിതട്ടി സ്ഥലം കാലിയാക്കാനാണ് കർത്താവ് കല്പിച്ചിരിക്കുന്നത്. കർത്താവിന്റെ നിർദ്ദേശവും വഴിയും സ്വീകരിക്കുന്നില്ലെങ്കിൽ സഭാനേതൃത്വങ്ങൾ തങ്ങളെത്തന്നെയും സഭാജനങ്ങളെയും സഭയ്ക്ക് പുറത്തുള്ളവരെയും വഞ്ചിക്കുകയാണ്. പീഢനം ഒഴിവാക്കാൻ സ്നേഹത്തിന്റെ നാഥനായ ക്രിസ്തുവിനെയും അവന്റെ വചനങ്ങളെയും നാം തള്ളിപറയരുത്. ഒരു മതത്തിന്റെ ക്രിസ്തുവായ യേശുവിനെ അല്ല ലോകരക്ഷിതാവായ ക്രിസ്തുവിനെ ജനങ്ങൾക്കു നൽകാൻ എന്തിനു മടിയ്ക്കണം, ഭയപ്പെടണം?

യേശുക്രിസ്തു തന്നെ കർത്താവും രക്ഷിതാവും എന്ന് ഹൃദയം കൊണ്ടു വിശ്വസിപ്പാനും, വായ്കൊണ്ട് ഏറ്റുപറയാനും കഴിയുന്ന ഒരു സാഹചര്യത്തിലേക്ക് ജനം നയിക്കപ്പെടാൻ തക്ക എന്തെങ്കിലും പദ്ധതി സഭ നടപ്പിലാക്കിയിട്ടില്ല എന്നു പറയുമ്പോൾ, നമുക്കെങ്ങനെ എന്തെങ്കിലും ഫലം പ്രതീക്ഷിക്കാനാവും? വിതയ്ക്കാതെ കൊയ്യാൻ ശ്രമിക്കുന്നത് ഭോഷത്വമാണെന്ന തിരിച്ചറിവ് എന്നാണ് സഭയ്ക്കുണ്ടാകുക? നിന്റെ സഹോദരൻ എവിടെ എന്ന ദൈവത്തിന്റെ ചോദ്യത്തിന് നിങ്ങൾ എന്തു മറുപടി പറയും? എന്നേയും നിങ്ങളേയും രക്ഷിയ്ക്കാൻ ജീവൻ വിലയായി നൽകേണ്ടിവരുമെന്ന് അറിഞ്ഞിട്ടും യേശു പിന്മാറിയില്ല. ആ യേശുവിനെ അറിയുകയും, അനുഭവിയ്ക്കുകയും ആനുഗമിയ്ക്കുകയും ചെയ്യുന്നു എന്നു പറയുന്ന നമുക്ക് അല്പമെങ്കിലും ആത്മാർത്ഥതയും സ്നേഹവും ഉണ്ടെങ്കിൽ ഇരുട്ടിന്റെ ആത്മാക്കളെ ഭയന്ന് "എന്നെ രക്ഷിച്ച യേശു നിങ്ങളെയും രക്ഷിക്കും" എന്ന സുവാർത്ത അറിയിക്കുന്നതിൽ നിന്ന് പിൻമാറുമോ?


**നൂറുകണക്കിന് മതങ്ങളും കോടാനുകോടി ദൈവങ്ങളുമുള്ള ഭാരതമണ്ണിൽ യേശുവിന്റെയും സുവിശേഷത്തിന്റെയും ആവശ്യമില്ലെന്ന് വാദിക്കുന്നവർക്കുള്ള ശക്തമായ മറുപടി.**

**'സത്യമേവജയതേ'**

**പ്രസംഗകൻ : ടൈറ്റസ് കാർത്തികപ്പള്ളി**

**മതവാദികൾ കേട്ടിരിക്കേണ്ട ചരിത്ര യാഥാർത്ഥ്യങ്ങൾ. മതമായാലും ദൈവമായാലും സത്യമേവജയതേ. പ്രസംഗം കേൾക്കാൻ ആഗ്രഹിക്കുന്നവർ 9847232598 – ലോ മാസിക വിലാസത്തിലോ ബന്ധപ്പെടുക.**


# ഞാൻ വന്നു, ഞാൻ കണ്ടു, ദൈവം കീഴടക്കി





ചരിത്രത്തിലെ ഏറ്റവും വലിയ മിലിട്ടറി കമാൻഡർമാരിൽ മുൻപന്തിയിൽ നിൽക്കുന്ന പോരാളിയായിരുന്നു ജൂലിയസ് സീസർ. സാഹിത്യത്തിൽ ജൂലിയസ് സീസറിനെ അനശ്വരനാക്കി മാറ്റിയ ഒരു വാക്യം ആണ് ലാറ്റിൻ ഭാഷയിൽ അദ്ദേഹം എഴുതിയ 'വേനി, വീദി, വീച്ചി' എന്ന പ്രയോഗം. 'ഞാൻ വന്നു, ഞാൻ കണ്ടു, ഞാൻ കീഴടക്കി' എന്നാണ് ആ വാക്യത്തിന്റെ അർത്ഥം. ഇപ്പോൾ ടർക്കിയുടെ ഭാഗമായിട്ടുള്ള സേല എന്ന പട്ടണം ബി.സി 46-ൽ കീഴടക്കിയതിനുശേഷം സീസർ റോമൻ സെനറ്റിനെഴുതിയ കത്തിലാണ് അദ്ദേഹത്തെ അനശ്വരനാക്കി മാറ്റിയ ഈ പ്രയോഗമുള്ളതെന്നു പറയപ്പെടുന്നു. ചരിത്രകാരനായ പ്ലൂട്ടാർക്കിന്റെ (എഡി 45-120) വിവരണമനുസരിച്ചു സീസർ അമാൻ സിയൂസ് എന്ന സുഹൃത്തിനയച്ച കത്തിലാണത്രെ ഈ വാചകം സീസർ ഉപയോഗിച്ചിരിക്കുന്നത്.

ഞാൻ വന്നു, ഞാൻ കണ്ടു, ഞാൻ കീഴടക്കി എന്ന പ്രയോഗം വളരെ ആശയസമ്പുഷ്ടമാണ്. ജൂലിയസ് സീസറിന്റെ ആത്മവിശ്വാസവും ധൈര്യവും വിജയരഹസ്യവുമൊക്കെ അനുസ്മരിപ്പിക്കുന്ന ഈ വാചകം ചരിത്രത്തിലും സാഹിത്യത്തിലുമൊക്കെ ചില വ്യത്യാസങ്ങളോടെ പലരും ഉപയോഗിച്ചിട്ടുണ്ട്. അതിലൊന്നു ബാറ്റിൽ ഓഫ് വിയന്നയ്ക്കു ശേഷം ജോൺ മൂന്നാമൻ സൊബ്യേസ്കി എന്ന രാജാവു പറഞ്ഞ വാചകമാണ്.

പതിനേഴാം നൂറ്റാണ്ടിലെ പ്രബലനായ പോളിഷ് രാജാവായിരുന്നു ജോൺ മൂന്നാമൻ സൊബ്യേസ്കി (1629-1696). ഇരുപത്തഞ്ചു വർഷം പോളണ്ടു ഭരിച്ച അദ്ദേഹം ജനങ്ങൾക്കു പ്രിയങ്കരനും പ്രഗത്ഭനായ മിലിട്ടറി കമാൻഡറുമായിരുന്നു.

പോളണ്ടിലെ രാജാവായി വാഴിക്കപ്പെട്ടതിനുശേഷം അദ്ദേഹത്തിന്റെ ഒരു പ്രധാന ചിന്ത യൂറോപ്പിനെ നിരന്തരം ആക്രമിച്ചുകൊണ്ടിരുന്ന ഓട്ടോമൻ സാമ്രാജ്യത്തെ വരുതിക്കുനിർത്തണം എന്നുള്ളതായിരുന്നു. ആ ലക്ഷ്യസാധ്യത്തിനായിട്ടാണ് ഓസ്ട്രിയയുടെയും ജർമനിയുടെയും കൂട്ടുപിടിച്ച ഓട്ടോമൻ പടയാളികളോടു ജോൺ മൂന്നാമൻ രാജാവ് പോരാടിയത്.

1683-ൽ നടന്ന 'ബാറ്റിൽ ഓഫ് വിയന്ന' എന്ന പേരിൽ അറിയപ്പെടുന്ന യുദ്ധത്തിൽ ജോൺ മൂന്നാമനും പങ്കാളികളും ഓട്ടോമേഷൻ സാമ്രാജ്യത്തെ പരാജയപ്പെടുത്തി. അതെത്തുടർന്നു പാശ്ചാത്യ യൂറോപ്പിന്റെ രക്ഷകനായി അദ്ദേഹം പ്രകീർത്തിക്കപ്പെട്ടു. ബാറ്റിൽ ഓഫ് വിയന്നയിൽ 1,30,000 ടർക്കിഷ് ഭടന്മാർ പങ്കെടുത്തപ്പോൾ പോളണ്ടിന്റെ ഭാഗത്തു 83,000 ഭടന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ജോൺ മൂന്നാമൻ രാജാവിന്റെ തന്ത്രപരമായ നീക്കങ്ങളാണ് അന്ന് പോളണ്ടിനു മഹത്തായ ഒരു വിജയം സമ്മാനിച്ചത്.

ഈ യുദ്ധം ജയിച്ചതിനുശേഷം ജോൺ മൂന്നാമൻ രാജാവ്, ജൂലിയസ് സീസറിന്റെ വാക്കുകൾ കടമെടുത്തുകൊണ്ടു പറഞ്ഞു: "ഞാൻ വന്നു, ഞാൻ കണ്ടു, ദൈവം കീഴടക്കി."

ഓട്ടോമൻ സാമ്രാജ്യത്തിനെതിരെ നടന്ന യുദ്ധത്തിൽ വിജയിച്ചതിന്റെ സകല ക്രെഡിറ്റും പ്രശംസയും ജോൺ മൂന്നാമൻ രാജാവു തനിക്കല്ല നൽകിയത്, പ്രത്യുത ദൈവത്തിനായിരുന്നു.

ദൈവം കൂടെ ഉണ്ടായിരുന്നതുകൊണ്ടാണു യുദ്ധത്തിൽ താൻ വിജയിച്ചതെന്നു ജോൺ മൂന്നാമൻ രാജാവ് പൂർണമായും വിശ്വസിച്ചു. തന്മൂലമാണു 'ഞാൻ കീഴടക്കി' എന്നതിനു പകരം 'ദൈവം കീഴടക്കി' എന്ന് അദ്ദേഹം പറഞ്ഞത്.

നമ്മുടെ ജീവിതത്തിലും നാം പലപ്പോഴും പല രീതിയിലുള്ള വിജയങ്ങൾ നേടാറുണ്ട്. എന്നാൽ അപ്പോഴൊക്കെ ആ വിജയങ്ങൾക്കുള്ള ക്രെഡിറ്റ് നാം ആർക്കാണു നൽകുന്നത്? ദൈവത്തിനോ അതോ നമുക്കോ? സാധാരണ രീതിയിൽ നമ്മുടെ വിജയങ്ങളുടെ ക്രെഡിറ്റ് നാം തന്നെ അവകാശപ്പെടുകയല്ലേ നമ്മുടെ പതിവ്? ഇനി നമ്മുടെ വിജയത്തിന്റെ ക്രെഡിറ്റ് നാം ദൈവത്തിനു കൊടുത്താൽത്തന്നെ അതൊരു ഭംഗിവാക്ക് എന്നതിൽ അപ്പുറമായി നാം അതിനെ കരുതാറുണ്ടോ?

നമ്മുടെ ജീവിതത്തിൽ നാം കാണുന്ന നന്മകളെല്ലാം ദൈവം നമുക്കു നൽകുന്നവയല്ലേ? എന്തിനേറെ പറയുന്നു, നമ്മുടെ ജീവിതംതന്നെ അവിടുത്തെ ദാനമല്ലേ? തന്മൂലമാണു ചരിത്രം സൃഷ്ടിച്ച ഒരു വിജയത്തിനിടയിലും ആ വിജയത്തിന്റെ മുഴുവൻ ക്രെഡിറ്റും ജോൺ മൂന്നാമൻ രാജാവ് ദൈവത്തിനു നൽകിയത്.

നമ്മുടെ ജീവിതത്തിൽ നാമും ചെയ്യേണ്ടത് ഇതുതന്നെയാണ്. നമ്മുടെ എല്ലാ നേട്ടങ്ങൾക്കും വിജയങ്ങൾക്കുമുള്ള ബഹുമതിയും പ്രശംസയും നാം ദൈവത്തിനു നൽകണം. എന്നു മാത്രമല്ല, ആ നേട്ടങ്ങളെയും വിജയങ്ങളെയുമോർത്തു നാം ദൈവത്തിനു നന്ദി പറയുകയും വേണം. അങ്ങനെ ചെയ്യുമ്പോൾ മാത്രമേ നാം യാഥാർഥ്യ ബോധത്തോടെ ജീവിക്കുന്നു എന്നു നമുക്കു പറയാനാവൂ.

ദൈവം നമ്മുടെ നന്മകൾക്കുവേണ്ടി നമ്മുടെ ജീവിതത്തിൽ ഓരോ നിമിഷവും ഇടപെടുന്നുണ്ട്. നമ്മെ അനുഗ്രഹിക്കുന്നുണ്ട്, അവിടത്തെ ഇടപെടൽ മനസിലാക്കി അവിടത്തേക്കു നന്ദി പറഞ്ഞുകൊണ്ടു നമ്മുടെ നേട്ടങ്ങളുടെ സകല ക്രെഡിറ്റും ദൈവത്തിനു നൽകാം.




# നാണയത്തിന്റെ വില



**അ**മേരിക്കയിൽ ഹെൻറി എന്നു പേരുള്ള കോടീശ്വരനായ ഒരു അപ്പൂപ്പൻ ഉണ്ടായിരുന്നു. അപ്പൂപ്പന്റെ കൊച്ചുമക്കളിൽ ഒരാളാണ് ജോൺ. മഹാവികൃതിയായിരുന്നു ജോൺ. ഒരു ദിവസം അപ്പൂപ്പനും ജോണും നടക്കാനിറങ്ങി. കുറേ ചെന്നപ്പോൾ ഒരു മരത്തിൽ ചാടിക്കളിക്കുന്ന അണ്ണാറക്കണ്ണനെ ജോൺ കണ്ടു. അവൻ കീശയിൽ നിന്ന് എന്തോ എടുത്ത് അണ്ണാനെ എറിഞ്ഞു.

ഹെൻറി അപ്പൂപ്പൻ അതു കണ്ടു. "എന്തു സാധനം കൊണ്ടാ നീ അതിനെ എറിഞ്ഞത്?" അദ്ദേഹം ചോദിച്ചു. ഒരു കൊച്ചു നാണയംകൊണ്ട്. ജോൺ മറുപടി പറഞ്ഞു.

അപ്പൂപ്പൻ പെട്ടെന്ന് അവിടെയെല്ലാം പരതാൻ തുടങ്ങി. കുറേ തപ്പിയപ്പോൾ മരച്ചുവട്ടിൽ നിന്ന് ആ നാണയം അപ്പൂപ്പന് കിട്ടി. ഇതെല്ലാം കണ്ട് ജോണിന് അത്ഭുതമാണ് തോന്നിയത്. വെറുമൊരു നാണയത്തിനു വേണ്ടി കോടീശ്വരനായ അപ്പൂപ്പൻ ഇത്ര ബുദ്ധിമുട്ടുകയോ?

"അപ്പൂപ്പാ, അപ്പൂപ്പൻ കോടീശ്വരനല്ലേ? പിന്നെന്തിനാണ് ഒരു നാണയത്തിനു വേണ്ടി ഇത്രയുംനേരം കളഞ്ഞത്?" ജോൺ ചോദിച്ചു. അതുകേട്ട് ഹെൻറി പുഞ്ചിരിയോടെ പറഞ്ഞു: "ശരിയാ, ഞാൻ ഒരു കോടീശ്വരനാണ്. ഇതുപോലത്തെ കുറേ നാണയങ്ങൾ ചേർന്നാണ് എനിക്കിത്രയും ധനം ഉണ്ടായത്. അതിലൊരെണ്ണം വെറുതേ പോയാൽ അത്രയും തുക എന്റെ സമ്പത്തിൽ നിന്നും കുറയും. ശരിയല്ലേ?

ജോൺ ശരിയാണെന്നു തലകുലുക്കി. അതോടെ ഒരു കൊച്ചുനാണയത്തിന്റെ വില എത്രയെന്ന് ജോണിനു മനസ്സിലായി. ഇനി ഒരിക്കലും ഒന്നും വെറുതേ കളയില്ലെന്ന് അവൻ പ്രതിജ്ഞ എടുത്തു.

ആരായിരുന്നു ജോണിന്റെ അപ്പൂപ്പൻ എന്നറിയണ്ടേ? ഫോർഡ് എന്നു പേരുള്ള ലോകപ്രശസ്തമായ കാറുകൾ നിർമിച്ചു വിറ്റ ഹെൻറി ഫോർഡ്.

# അറിയാത്തതും അറിയേണ്ടതും

1. ഡാവിഞ്ചിയുടെ മോണോലിസ എന്ന പ്രശസ്തമായ ചിത്രത്തിലെ സ്ത്രീക്ക് പുരികങ്ങളില്ല.
2. ഉറുമ്പുകൾ ഉറങ്ങാറേയില്ല.
3. ചന്ദ്രൻ നമ്മുടെ തലയ്ക്ക് നേരേ മുകളിൽ വരുമ്പോൾ നമുക്ക് അൽപ്പം ഭാരം കുറയുന്നു.
4. ടെലിഫോൺ കണ്ടുപിടിച്ച അലക്സാണ്ടർ ഗ്രഹാംബെൽ ഒരിക്കലും ഭാര്യയ്ക്കോ അമ്മയ്ക്കോ ഫോൺ ചെയ്തിട്ടില്ല. കാരണം അവർ രണ്ടുപേരും ബധിരരായിരുന്നു.
5. ഒട്ടകപ്പക്ഷിയുടെ കണ്ണുകൾ അതിന്റെ തലച്ചോറിനേക്കാൾ വലുതാണ്.
6. I am എന്നതാണ് ഇംഗ്ലീഷിലെ ഏറ്റവും ചെറിയ വാചകം.
7. ചിത്രശലഭങ്ങൾ അവയുടെ പാദം ഉപയോഗിച്ചാണ് രുചി അറിയുന്നത്.
8. കണ്ണുകൾ തുറന്നുപിടിച്ചുകൊണ്ട് തുമ്മുക അസാധ്യമാണ്.
9. Stewardesses എന്ന പദമാണ് ഇടത്തേ കൈകൊണ്ട് മാത്രം ടൈപ്പ് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ വാക്ക്.
10. തുള്ളാൻ കഴിയാത്ത ഒരേയൊരു മൃഗമാണ് ആന.
11. വൻകരകളുടെ പേര് ആരംഭിക്കുന്ന അതേ അക്ഷരത്തിലാണ് അവസാനിക്കുന്നതും.
12. സാൻസിബാറും ഇംഗ്ലണ്ടും തമ്മിൽ 1896-ൽ നടന്നതാണ് ലോകചരിത്രത്തിലെ ഏറ്റവും ചെറിയ യുദ്ധം. ഇത് നീണ്ടുനിന്നത് 38 മിനിട്ട് മാത്രമാണ്.
13. മനുഷ്യ ശരീരത്തിലെ ഏറ്റവും ശക്തിയുള്ള മസില് നാക്കാണ്.
14. ഒട്ടകത്തിന് മൂന്ന് കൺപോളകളുണ്ട്.
15. ശ്വാസം പിടിച്ചിരുന്നുകൊണ്ട് ഒരാൾക്ക് സ്വയം മരിക്കാൻ കഴിയില്ല.









# ന്യൂ ജനറേഷൻ സന്തോഷം



**സാ**മ്പത്തികശേഷിയുള്ള ഇടത്തരം കുടുംബത്തിലെ ഒന്നിലും തൃപ്തിവരാത്ത ഒരു പത്തു വയസുകാരിയുടെ അമ്മയാണ് ഞാൻ. അവൾക്ക് വേണ്ടതെല്ലാം അവളുടെ കൈയെത്തും ദൂരത്തുണ്ട്. പാവകൾ, പുതിയ വസ്ത്രങ്ങൾ, സ്വന്തമായി ഒരു മുറി എന്നു തുടങ്ങി കമ്പ്യൂട്ടർ വരെ അവൾക്ക് സ്വന്തം ആണ്. എന്നിട്ടും ഞാൻ അവളുടെ പ്രായത്തിൽ എത്രമാത്രം സന്തോഷവതി ആയിരുന്നോ, അതിന്റെ പകുതിപോലും അവൾക്കു സന്തോഷിക്കാൻ കഴിയുന്നില്ല. നിർവികാരതയോടെ ശൂന്യതയിലേക്ക് തുറിച്ചു നോക്കി അവൾ പലപ്പോഴും നിൽക്കുന്നതുകാണുമ്പോൾ ഞാൻ കൂടപ്പിറപ്പുകളോടൊപ്പം ഉള്ള എന്റെ ചെറുപ്പത്തെ പറ്റി ചിന്തിക്കാറുണ്ട്. ഏറ്റവും ചെറിയ കാര്യംപോലും സന്തോഷിപ്പിച്ചിരുന്ന ഞങ്ങളുടെ കുട്ടിക്കാലം.

ഒരു സാധാരണ കുടുംബമായിരുന്നു ഞങ്ങളുടേത്. സ്കൂളിൽ നല്ല മാർക്ക് വാങ്ങുന്ന ദിവസം അപ്പയുടെ സൈക്കിളിന്റെ മുൻപിലെ ചെറിയ സീറ്റിൽ അനുജത്തിയേയും, പുറകിൽ എന്നെയും ഇരുത്തി ഞങ്ങളുടെ ഗ്രാമത്തിലൂടെയുള്ള ഒരു കറക്കം മാത്രമായിരുന്നു ഞങ്ങളുടെ പുറത്തേക്കുള്ള യാത്രകൾ. പക്ഷേ ആ യാത്ര ഞങ്ങളെ സംബന്ധിച്ചു ലോകത്തിന്റെ നെറുകയിൽ കയറിയാൽ ഉള്ള സന്തോഷമായിരുന്നു തന്നിരുന്നത്. അഞ്ചുവർഷത്തിൽ ഒരിക്കൽ അപ്പയുടെ കൂടെ വേനലവധിയുടെ സമയത്ത് നടത്തിയ ട്രെയിൻ യാത്രകൾ ഒരിക്കലും മറക്കാൻ പറ്റാത്ത ഒന്നുതന്നെ. ആ യാത്രകളിൽ എല്ലാം അപ്പയുടെ പോക്കറ്റ് കാലിയാകുന്നതും ദേഷ്യം കൂടുന്നതുമെല്ലാം വളരെ സ്വാഭാവികം ആയിരുന്നെങ്കിലും ഈ യാത്രയ്ക്ക് വേണ്ടി ഞങ്ങൾ കാത്തിരുന്നത് എന്തുമാത്രം ആകാംക്ഷയോടെ ആയിരുന്നു. സ്ഥലങ്ങളുടെ പ്രത്യേകതയും പറഞ്ഞു മുമ്പേ വേഗത്തിൽ നീങ്ങുന്ന അപ്പയുടെ ഒപ്പമെത്താൻ പൊരിയുന്ന വെയിലത്ത് ഒരു പച്ചമാങ്ങയും കടിച്ചുകൊണ്ട് ഞങ്ങൾ ഓടുകയായിരുന്നു. പലപ്പോഴും അമ്മക്ക് ഒപ്പം എത്താൻ പറ്റില്ലായിരുന്നു.

ഇങ്ങനെ അപ്പയുടെ കൂടെയുള്ള യാത്രകൾ ഇല്ലാതിരുന്ന വേനലവധികളിൽ എല്ലാം തന്നെ ഞങ്ങൾ അമ്മ വീട്ടിലേക്ക് പായ്ക്ക് ചെയ്യപ്പെടുമായിരുന്നു. അവിടെ അയൽപക്കത്തെ കുട്ടികളുടെ കൂടെ സാറ്റ് കളിയും സ്ഥിരം പൊട്ടുന്ന ഊഞ്ഞാലേൽ ഉള്ള ആട്ടവും, തെങ്ങോല കൊണ്ടുണ്ടാക്കിയ പീപിയും ഒക്കെയായി ആഘോഷമായിരുന്നു. കളികൂടുമ്പോൾ വഴക്കു തുടങ്ങും. അപ്പോൾ എല്ലാവരും അകത്തു കയറും. പിന്നെ അവിടെ കല്ല് കളി ആയി. കുഴിതോണ്ടൽ ആയി. ഈർക്കിലി കളിയായി പിന്നെയും മൊത്തം ബഹളം. ചക്കയും പച്ചമാങ്ങയും നെല്ലിക്കയും കൊണ്ട് അന്ന് ഞങ്ങളുടെ കൊറിക്കലുകൾ ഒതുങ്ങിയിരുന്നു. ഈ സമയത്തായിരുന്നു എല്ലാ വീടുകളിലും പപ്പട വടകൾ ഉണ്ടാക്കിയിരുന്നത്. കോഴിയും കാക്കയും കൊത്തിക്കൊണ്ട് പോകാതെ വെയിലത്ത് ഇട്ടിരിക്കുന്ന വടകൾ നോക്കേണ്ടത് ഞങ്ങളുടെ ജോലിയായിരുന്നു. പണിക്കൂലിയായി രണ്ടോ മൂന്നോ വട കിട്ടും എന്ന ഉറപ്പിന്റെ പുറത്തായിരുന്നു ഈ കാവൽ ജോലി. ഇടയ്ക്ക് അകലെയുള്ള ചിറ്റമ്മയുടെ വീട്ടിൽ പോകുമായിരുന്നു. കാശ് ലാഭിക്കാൻ അവിടംവരെ നടപ്പായിരുന്നു. ചിറ്റമ്മയുടെ കൂടെയുള്ള ദിവസങ്ങൾ എന്തു വേഗത്തിൽ ആണ് കഴിഞ്ഞുപോയിരുന്നത്. ചിറ്റമ്മയ്ക്ക് മാത്രം അറിയാമായിരുന്ന കുറെ കഥകളും തമാശകളും ഉണ്ടായിരുന്നു. അത് കേട്ടിരുന്നാൽ സമയം പോകുന്നത് അറിയില്ലായിരുന്നു.

അന്ന് പൈസ ഇല്ലായിരുന്നു. ടി.വി. ഇല്ലായിരുന്നു. ഐപാടും ഐപോഡും ലാപ്ടോപ്പും ഇല്ലായിരുന്നു. പക്ഷേ, ഒരു കാഡ്ബറിയുടെ ചോക്ലേറ്റ് മൂന്നായി പകുക്കുമ്പോൾ എന്തൊരു സന്തോഷം ആയിരുന്നു. ഓരോ ദിവസവും പുതിയ കാര്യങ്ങൾ സംഭവിക്കുന്നതും കാത്ത് എന്തു പ്രതീക്ഷയോടെ ആണ് ഞങ്ങൾ കാത്തിരുന്നത്.

എന്റെ മകളെ നോക്കുമ്പോൾ എനിക്ക് ഭയം തോന്നുന്നു. അവൾ അപൂർവമായി എന്തിനെങ്കിലും വേണ്ടി കാത്തിരിക്കുന്നു. അവളുടെ മുഖത്ത് വിരിയുന്ന സന്തോഷങ്ങൾക്ക് നിമിഷങ്ങളുടെ മാത്രമേ ആയുസ്സുള്ളു. പുതിയ ഉടുപ്പിലേക്ക്, സൈക്കിളിലേക്ക്, കാറിലേക്ക്, കമ്പ്യൂട്ടറിലേക്ക് അവളുടെ ആവശ്യങ്ങൾ മാറി മാറി പോകുന്നു. വളരെ കുറച്ചു മാത്രം അതും വളരെ താമസിച്ചു ഞങ്ങൾക്ക് ലഭിച്ചിരുന്ന കാലത്തിൽ നിന്ന് വളരെയേറെ കാര്യങ്ങൾ വളരെ പെട്ടെന്ന് ലഭിക്കുന്ന ഇന്നത്തെ കുട്ടികൾക്ക് നഷ്ടമാകുന്നത് ചെറിയ കാര്യങ്ങളിൽ സന്തോഷിക്കാൻ ആവാത്ത അവരുടെ മനസ്സും അവരുടെ കണ്ണുകളിലെ തിളക്കവും ആണ്. വളരുന്ന സമ്പാദ്യവും ഗ്ലോബലൈസേഷനും എല്ലാം നല്ലതുതന്നെ. പക്ഷേ, ചെറിയകാര്യങ്ങളിൽ സന്തോഷിക്കുന്ന ഒരു കുഞ്ഞിനെ വീട്ടിൽ കിട്ടുമോ എന്നതാണ് പ്രസക്തമായ ചോദ്യം.

**എം.മോളി**

# പത്ത് കന്യകമാർ

## ഉപമ ഒരു പഠനം



"സ്വർഗരാജ്യം മണവാളനെ എതിരേൽപാൻ വിളക്ക് എടുത്തു കൊണ്ട് പുറപ്പെട്ട പത്തു കന്യകമാരോട് സദൃശം. അവരിൽ അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചുപേർ ബുദ്ധിയുള്ളവരും ആയിരുന്നു. ബുദ്ധിയില്ലാത്തവർ വിളക്ക് എടുത്തപ്പോൾ എണ്ണ എടുത്തില്ല. ബുദ്ധിയുള്ളവരോ വിളക്കോടുകൂടി പാത്രത്തിൽ എണ്ണയും എടുത്തു... (മത്താ.25:1-13).

ഉപമയുടെ അർത്ഥം മനസിലാക്കുവാൻ സ്ഥല നിർണ്ണയം നമുക്ക് ആവശ്യമില്ല. മണവാളനെ ആദരിക്കുവാനായി, അവർ വിവാഹ ആഘോഷത്തിൽ പങ്കെടുക്കുവാൻ കാത്തിരുന്നു എന്നതാണ് പോയിന്റ്.

മണവാളൻ എന്ന ഭാവനക്ക് പഴയനിയമത്തിൽ വേരുള്ളതായി കാണാം. ദൈവം മണവാളനായും യിസ്രായേൽ മണവാട്ടിയുമായി വിവരിക്കുന്ന പല വേദഭാഗങ്ങളുമുണ്ട് (യെശ. 54:4-8; 62:4,5; യെഹെ.16:6-14; ഹോശെ. 2:19.20). അതേപോലെ, പുതിയനിയമത്തിൽ, ക്രിസ്തു മണവാളനായും, സഭയെ മണവാട്ടിയായും വിവരിച്ചിരിക്കുന്നു (യോഹ.3:29; 2 കൊരി.11:2; എഫെ.5:25-32; വെളി.19:7,8; 21:2). ഇവിടെ മണവാട്ടിയെ വിശദമാക്കിയിട്ടില്ലെങ്കിലും, മണവാളൻ എന്നു പറഞ്ഞിരിക്കുന്നത് ക്രിസ്തുവിനെയാണ്.

വിവാഹ വിരുന്ന് പ്രത്യേകതയുള്ളതും, അത് പലപ്പോഴും മണവാളന്റെ വീട്ടിൽ രാത്രിയിലുമായിരുന്നു നടത്തിയിരുന്നത് (25:6). സംഭവം അങ്ങനെയായിരിക്കെ, പ്രദക്ഷിണത്തിൽ ഈ കന്യകമാർ വിളക്ക് കത്തിച്ച് പിടിക്കണമായിരുന്നു. "വിളക്ക്" എന്നതിന്റെ ഗ്രീക്ക് വാക്ക് (ലാംപാസ്) എന്നു പറയുന്നത് "പന്തങ്ങൾ" ആയിരിക്കാം (യോഹ.18:3). വേറൊരു വാക്ക് (ലുക്നോസ്), സൂചിപ്പിക്കുന്നത്, എണ്ണ ഒഴിച്ചു കത്തിക്കുന്ന വീട്ടിൽ ഉപയോഗിച്ച ചെറിയ വിളക്കാണ് (5:15-ന്റെ പരാമർശം നോക്കുക). ആ അവസരത്തിൽ ഉപയോഗിച്ച "പന്തങ്ങൾ" നീളമുള്ള കോലിൽ തുണി ചുറ്റിയതാണ്; തുണി ഒലിവെണ്ണയിൽ മുക്കി മുറുക്കി ചുറ്റി കത്തിക്കുമ്പോൾ ഏറെ നേരം കത്തും. മറ്റൊരു സാധ്യത എന്തെന്നാൽ, "പന്തങ്ങൾ" പൊള്ളയായതും നീളമുള്ളതും എണ്ണ ഒഴിച്ചു കത്തിക്കാവുന്നതുമായ മുളങ്കമ്പിൽ ഉണ്ടാക്കിയതാകാം എന്നതാണ്. പുരാതന റബ്ബിമാരിൽ ഒരാളായിരുന്ന റബ്ബി സോളമന്റെ ഒരു പ്രസ്താവന ജോൺ ലൈറ്റ്ഫൂട്ട് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക.

മണവാട്ടിയെ കിടക്കയിലേക്ക് ആനയിക്കുന്നതിനു മുൻപ്, അവളുടെ അപ്പന്റെ വീട്ടിൽനിന്നു മണവാളന്റെ വീട്ടിലേക്ക് ചുമന്നുകൊണ്ടുപോകുന്ന സമ്പ്രദായമായിരുന്നു യിസ്രായേലിലെ നാട്ടിൻപുറങ്ങളിലുണ്ടായിരുന്നത്; അവൾക്ക് മുൻപായി പത്തു മരം കൊണ്ടുള്ള ഛിദ്രിച്ച ഭാഗങ്ങളുടെ മുകളിൽ ഓരോന്നിലും പാത്രം പോലെ ഘടിപ്പിച്ച് അതിൽ എണ്ണയും കീലും മുക്കിയ തുണികൾ കത്തിച്ച് പന്തങ്ങളായി പൊയ്ക്കൊണ്ടിരിക്കും.

വാക്യം-2. ആ പത്തു കന്യകമാരിൽ അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചുപേർ ബുദ്ധിയുള്ളവരും ആയിരുന്നു എന്നാണ് യേശു പറഞ്ഞത്. "ബുദ്ധിയില്ലാത്ത" എന്ന വാക്ക് (മോറോസ്), "വിവേകമുള്ള"/"ബുദ്ധിയുള്ള" (ഫ്രോണിമോസ്) എന്നീ വാക്കുകൾ "രണ്ടുതരം നിർമ്മാതാക്കളെ" പറയുന്നതിന് മത്തായിയിൽ ഉപയോഗിച്ചിരിക്കുന്നു (7:24,26). ഈ സംഭവത്തിൽ പത്തു കന്യകമാർ മിസ്രസംഘമായിരുന്നു.

വാക്യം-3. എന്തുകൊണ്ടാണ് അഞ്ചു കന്യകമാരെ ബുദ്ധിയില്ലാത്തവർ എന്നു വിളിച്ചത്? മണവാളൻ വരുവാൻ താമസിച്ചാലും അതിനാവശ്യമായ ഒരുക്കം നടത്താതെയാണ് അവർ വന്നത്. അവരുടെ പക്കൽ വിളക്കുണ്ടായിരുന്നു, പക്ഷെ വിളക്കിൽ ആവശ്യത്തിനു എണ്ണ ഇല്ലായിരുന്നു. യജമാനൻ നേരത്തെ വരുമെന്ന് പ്രതീക്ഷിക്കാതെ ഒരുങ്ങാതിരുന്ന ഒരു ദാസനെ കുറിച്ച് മുൻപ് ഒരു ഉപമയിൽ പറയുകയുണ്ടായി (24:48-50); എങ്ങനെയായാലും, ആ കന്യകമാർ താമസം നേരിട്ടപ്പോൾ ഒരുങ്ങുന്നതിൽ പരാജയപ്പെട്ടിരുന്നു.

വാക്യം-4. മറ്റു അഞ്ചുപേർ വിവേകമുള്ളവർ ("ബുദ്ധിയുള്ളവർ"; എൻഐവി) ആയിരുന്നു കാരണം അവർ വിളക്കിൽ മാത്രമല്ല, വേറെ പാത്രത്തിലും എണ്ണ കരുതിയിരുന്നു. സൗകര്യപ്രദമല്ലെങ്കിലും ആ യുവതികൾ ആവശ്യമായ കരുതലുകൾ സ്വീകരിച്ചിരുന്നു. തങ്ങളുടെ അനുഭവത്തിൽനിന്നും മണവാളൻ വരുന്നതിനു താമസം നേരിട്ടേക്കാമെന്ന് അവർ മനസിലാക്കിയിരുന്നു, അവസാനം അവൻ വരുന്നതുവരെ ഒരുക്കത്തോടെ കാത്തിരുന്നു. വിളക്കിൽ മതിയായ എണ്ണ എന്നു പറഞ്ഞിരിക്കുന്നത്, യേശുവിന്റെ കൽപനകൾ പ്രമാണിച്ച് ആവശ്യമായ സൽപ്രവൃത്തികൾ ചെയ്യുന്നതിനെയാണ് (5:14-16).

വാക്യം-5. പത്തു കന്യകമാർ കാത്തിരുന്നപ്പോൾ, മണവാളൻ വരുവാൻ താമസിച്ചു. ആ വിശദാംശത്തിൽ അതിശയിക്കുവാനില്ല, കാരണം അന്നത്തെ ആചാരം അനുസരിച്ച്, മണവാളൻ എത്തിച്ചേരുന്നത് രഹസ്യമായിട്ടായിരുന്നു. ഇവിടെ താമസംകൊണ്ട് ഉദ്ദേശിക്കുന്നത് ക്രിസ്തുവിന്റെ മടങ്ങിവരവിനുള്ള കാലതാമസത്തെയാണ് (25:19 നോക്കുക). യേശു ഉടനെ മടങ്ങി വരുവാനായി പ്രാരംഭ ക്രിസ്ത്യാനികൾ ആഗ്രഹിച്ചിരുന്നു. മത്തായി തന്റെ സുവിശേഷം എഴുതിയ സമയത്ത് അന്നത്തെ വായനക്കാർക്ക് ഈ വിഷയം വളരെ അങ്കലാപ്പ് ഉണ്ടാക്കിയിരുന്നു, 50കളിലും, 60കളിലും ഒരുപക്ഷെ സ്ഥിതി അതായിരിക്കുവാനാണ് സാധ്യത. 60 കളുടെ മദ്ധ്യേ പത്രൊസ് പരിഹാസികളുടെ അന്നത്തെ ചോദ്യം എഴുതിയിരുന്നു, "അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ?" (2 പത്രൊ. 3:4).

സമയം പതുക്കെ കടന്നുപോയി, ആ യുവതികൾ മയക്കം പിടിച്ചു ഉറങ്ങിപ്പോയി. സമയം താമസിച്ചുപോയതിനാൽ, ആ പത്തു കന്യകമാരും ക്ഷീണിച്ച് ഉറങ്ങിപ്പോയതു നമുക്ക് മനസിലാക്കാവുന്നതേയുള്ളൂ. യേശു അവരെ ഉറങ്ങിയതിനു കുറ്റപ്പെടുത്തിയില്ല. ഈ കാര്യത്തിൽ ബുദ്ധിയുള്ളവരും ബുദ്ധിയില്ലാത്തവരും ഒരുപോലെയായിരുന്നു. എങ്ങനെയായാലും, മറ്റു വേദഭാഗങ്ങളിൽ ഉറക്കത്തെ നിഷേധഭാവത്തിലാണ് പറഞ്ഞിരിക്കുന്നത് (26:38-46; മർ.13:35,36; എഫെ.5:14; 1 തെസ്സ.5:6).

വാക്യം-6. അർദ്ധരാത്രിയിൽ ആർപ്പുവിളിയുണ്ടായി, ഒരുപക്ഷെ ഉച്ചത്തിലുള്ള നിലവിളി ആയിരിക്കാം (22:3ന്റെ പരാമർശം നോക്കുക). അവസാനം മണവാളൻ വരുന്നു എന്ന അറിയിപ്പ് വന്നു, മണവാളനെ എതിരേൽപാൻ പുറപ്പെടുന്നതിനു പത്തു കന്യകമാരെയും വിളിച്ചു.

വാക്യം-7. സ്വാഗതം ചെയ്യുവാനുള്ള അറിയിപ്പുണ്ടായപ്പോൾ, കന്യകമാരെല്ലാവരും എഴുന്നേറ്റു തങ്ങളുടെ വിളക്ക് കത്തിക്കുവാൻ തുടങ്ങി. "തെളിയിക്കുക" (കോസ്മെയോ) എന്നത് സാധാരണ അർത്ഥമാക്കുന്നത്, "ക്രമത്തിലാക്കുക" എന്നാണ്. ആ "വിളക്കുകൾ" കോലിൽ തുണി ചുറ്റിയ പന്തങ്ങൾ ആയിരുന്നുവെങ്കിൽ, കത്തി തീർന്ന അറ്റം മുറിച്ചുകളഞ്ഞ് എണ്ണയിൽ മുക്കണമായിരുന്നു, എങ്കിൽ മാത്രമെ നന്നായി കത്തുകയുള്ളൂ.

വാക്യങ്ങൾ 8, 9. ബുദ്ധിയില്ലാത്ത കന്യകമാർ തങ്ങളുടെ വിളക്കുകൾ തെളിയിച്ചപ്പോൾ, അവരുടെ വിളക്ക് കെട്ടുപോകുകയായിരുന്നു. പഴയനിയമത്തിൽ വിളക്ക് കെട്ടുപോകുന്നത് ദുഷ്ടതയെയാണ് സൂചിപ്പിച്ചിരുന്നത് (ഇയ്യോ.18:5; സദൃ.13:9). മണവാളന്റെ വരവ് താമസിച്ചതിന് തങ്ങളല്ല കാരണക്കാർ എന്നാണ് അവർ വിചാരിച്ചത്. എന്നാൽ അവരുടെ പ്രശ്നപരിഹാരത്തിന് തങ്ങളുടെ കൂടെയുണ്ടായിരുന്നവരോട് എണ്ണ ആവശ്യപ്പെട്ടു.

വിവേകമുള്ള കന്യകമാർ, എല്ലാവർക്കും ആവശ്യമുള്ള എണ്ണ തങ്ങളുടെ കയ്യിലില്ല എന്നു പറഞ്ഞ് ആ ആവശ്യം തള്ളിക്കളഞ്ഞു. എല്ലാ വിളക്കും കെട്ടുപോകുവാനുള്ള സാഹസം എടുക്കുവാൻ അവർ തയ്യാറായിരുന്നില്ല. അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ, പ്രദക്ഷിണം തന്നെ മോശമാകുമായിരുന്നു.

വിൽക്കുന്നവരോട് പോയി എണ്ണ വാങ്ങിക്കൊൾവാനായിരുന്നു അവർ ബുദ്ധിയില്ലാത്തവർക്ക് നൽകിയ നിർദ്ദേശം. കടകൾ അർത്ഥരാത്രിയിൽ സാധാരണ തുറക്കാറില്ല, പക്ഷെ ആഘോഷ സമയങ്ങളിൽ തുറന്നിരിക്കുവാനും സാധ്യതയുണ്ട്. "വിവാഹം ആഘോഷിക്കുന്ന ഒരു ഗ്രാമത്തിൽ, അർദ്ധരാത്രിയിലും അത്യാവശ്യസാധനങ്ങൾ ഏതെങ്കിലും കടയിൽനിന്നും എടുപ്പിക്കുക പ്രയാസമുള്ള കാര്യമല്ല" എന്നാണ് ഡൊണാൾഡ് ഏ.ഹാഗെർ പറഞ്ഞത്. ബുദ്ധിയില്ലാത്തവർ അവരുടെ കുറവ് നികത്തുവാൻ അവർ തന്നെ പോകുന്നത് വ്യക്തമാക്കുന്നത് സൽപ്രവൃത്തികൾ കൈമാറുവാൻ സാധ്യമല്ല എന്നാണ്. ക്രിസ്തു മടങ്ങി വരുമ്പോൾ, ഓരോ വ്യക്തിയും താന്താന്റെ പ്രവൃത്തിക്ക് കണക്കു കൊടുക്കണം (2 കൊരി.5:10).

വാക്യം-10. കത്തുന്ന വിളക്കുമായി മണവാളനെ സ്വീകരിക്കുന്നതിനു പകരം, ബുദ്ധിയില്ലാത്ത അഞ്ചു കന്യകമാർ എണ്ണ വാങ്ങുവാൻ കടയിലേക്കായിരുന്നു പോയത്. അവർ പുറപ്പെട്ടുപോയപ്പോൾ, മണവാളൻ വന്നു. ബുദ്ധിയുള്ള അഞ്ചുകന്യകമാർ മണവാളൻ വന്നപ്പോൾ, അവരുടെ വിളക്ക് തെളിയിച്ചു. അവർ മണവാളനോടുകൂടെ മണിയറയിലേക്ക് പ്രവേശിച്ചു. അവർ വിരുന്നുശാലയിലേക്ക് പ്രവേശിച്ചയുടനെ വിരുന്നുശാലയുടെ വാതിൽ അടച്ചു. വാതിലടക്കുന്നത് അവസരം തീർന്നുപോയി എന്നാണ് സൂചിപ്പിക്കുന്നത് (ഉല്പ.7:16; യെശ.22:22; ലൂക്കോ. 13:25; വെളി.3:7).

വാക്യം-11. ബുദ്ധിയില്ലാത്ത കന്യകമാർ മടങ്ങിവന്നപ്പോൾ മണവറയുടെ വാതിൽ അടച്ചിരിക്കുന്നതാണ് കണ്ടത്. തങ്ങളെ അകത്തു പ്രവേശിപ്പിക്കുവാൻ അവർ മണവാളനോട് യാചിച്ചു. അവർ പറഞ്ഞു, "കർത്താവേ, കർത്താവേ ഞങ്ങൾക്ക് തുറക്കേണമേ." യേശു പറഞ്ഞു, "കർത്താവേ, കർത്താവേ' എന്നു വിളിക്കുന്ന ഏവനുമല്ല, സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗത്തിൽ പ്രവേശിക്കുന്നത്" (7:21).

വാക്യം-12. സന്തോഷകരമായ ആഘോഷത്തിൽ പ്രവേശിക്കുവാനുള്ള ബുദ്ധിയില്ലാത്ത കന്യകമാരുടെ യാചന നിഷ്ഫലമായി. മണവാളൻ അവരെ പ്രവേശിക്കുവാൻ അനുവദിക്കാതെ പറഞ്ഞു, "ഞാൻ നിങ്ങളെ അറിയുന്നില്ല" (7:23ന്റെ പരാമർശം നോക്കുക). ആ പ്രഖ്യാപനത്തെ ഇങ്ങനെ സമാന്തരപ്രയോഗം നടത്താം, "എനിക്ക് നിങ്ങളോട് ഒരു കാര്യവുമില്ല." പഴയനിയമത്തിൽ പറഞ്ഞരിക്കുന്നത് ദൈവം തിരഞ്ഞെടുത്ത തന്റെ ജനത്തെ അവൻ "അറിയുന്നു" എന്നാണ് (യിരെ.1:5; ഹോശെ.13:5; ആമോ.3:2; കെ.ജെ.വി). പുതിയ നിയമത്തിൽ ക്രിസ്തു മുഖാന്തരം രക്ഷിക്കപ്പെട്ട് ദൈവവുമായുള്ള ബന്ധത്തിലായവരെ "അറിയപ്പെടുന്നതായി" ആവർത്തിച്ച് പറഞ്ഞിരിക്കുന്നു (ഗലാ.4:8,9; 2 തിമൊ.2:19).

തങ്ങളുടെ ഒരുക്കം നഷ്ടപ്പെട്ട് പ്രവേശിക്കുവാൻ കഴിയാതിരുന്ന ആ കന്യകമാർ വാതിൽക്കൽ നിന്നു തിരിച്ചുപോയപ്പോഴുണ്ടായ നിരാശ നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. അവർ ഒരുപക്ഷെ ധാരാളം സമയം ചെലവിട്ട് വസ്ത്രധാരണം ചെയ്ത്, മണവാളനെ എതിരേൽക്കുവാനായി കാത്തിരുന്നവരായിരിക്കാം. ആ ആഘോഷത്തിൽ അവരുടെ ചുമതല നിർവ്വഹിക്കുവാനായി സമയമെടുത്തു പരിശീലനവും നടത്തിയിരിക്കാം. അവർ വിളക്കും കുറെ എണ്ണയും കൊണ്ടുവന്നിരുന്നു - പക്ഷെ മണവാളൻ വരുന്നതുവരെ ഉപയോഗിക്കുവാനുള്ള എണ്ണ ഉണ്ടായിരുന്നില്ല.

വാക്യം-13. യേശു ഉപമ അവസാനിപ്പിച്ചു പറഞ്ഞു, "ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ." കർത്താവിന്റെ മടങ്ങിവരവിനായി എപ്പോഴും ഒരുങ്ങിയിരിപ്പാൻ തന്റെ ജനത്തോട് മുന്നറിയിക്കുന്നു (24:36,42,44,50.) നാം അവന്റെ മടങ്ങിവരവ് നീക്കിവെക്കുവാൻ ശ്രമിക്കരുത്. അവിടുന്ന് ഏതു സമയത്തും വരുമെന്നുള്ളതുകൊണ്ട്, നാം ബുദ്ധിയുള്ളവരായി വേണ്ടതായ മുന്നൊരുക്കത്തോടെ കാത്തിരിക്കണം.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി : 9847232598



# മുറുകെ പിടിക്കേണ്ട യാഥാർത്ഥ്യങ്ങൾ

കഴിഞ്ഞലക്കം തുടർച്ച 4



ടി.എം.വർഗ്ഗീസ് ഓതറ

## ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെ പിടിക്കണം

ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെ പിടിക്കേണമെന്നു തിരുവചനം പറയുന്നു (തീത്തോ.1:9).

ദുരുപദേശങ്ങൾ പെരുകിക്കൊണ്ടിരിക്കുന്ന ഒരു കാലയളവിലാണ് നാം ആയിരിക്കുന്നത്. പത്ഥ്യോപദേശത്തിനു ചേരാത്ത ദുരുപദേശങ്ങൾ പഠിപ്പിക്കയും പ്രചരിപ്പിക്കുകയും ചെയ്യുന്ന നവീകരണ ഉപദേഷ്ടാക്കന്മാർ ഈ അന്ത്യകാലത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്നത് കാണുവാൻ കഴിയും. അങ്ങിനെയുള്ളവരെക്കുറിച്ച് തിരുവചനത്തിൽ പറഞ്ഞിരിക്കുന്നത്: അവർ ദുരാദായം വിചാരിച്ചു അരുതാത്തതു ഉപദേശിച്ചുകൊണ്ട് കുടുംബങ്ങളെ മുഴുവനും മറിച്ചുകളയുന്നു എന്നാണ് (തീത്തോ. 1:11). വി. പൗലോസ് പറയുന്നു: സുവിശേഷത്തിന്റെ സത്യം നിലനിൽക്കേണ്ടതിനു അതിനെതിരായി പ്രവർത്തിക്കുന്നവർക്കു ഒരു നാഴികപോലും വഴങ്ങികൊടുത്തില്ല (ഗലാ.2:5). സുവിശേഷ സത്യത്തിനു വേണ്ടി വി.പൗലോസ് അന്ത്യത്തോളം പോരാടിയതുപോലെ അപ്പൊസ്തലന്മാരാൽ സഭക്കു നൽകപ്പെട്ട വിശ്വാസ്യവചനങ്ങളും കല്പനകളും നമുക്കു മുറുകെ പിടിക്കാം.

**യേശുവിന്റെ നാമം മുറുകെ പിടിക്കേണം.**

"നീ എന്റെ നാമം മുറുകെ പിടിച്ചിരിക്കുന്നു...." (വെളി. 2:13)

യേശുവിന്റെ നാമത്തിൽ അടങ്ങിയിരിക്കുന്ന അധികാരം, ശക്തി, ശ്രേഷ്ഠത, മാഹാത്മ്യം, മാധുര്യം മുതലായ അനവധി കാര്യങ്ങൾ വർണ്ണിപ്പാനുണ്ടെങ്കിലും ഏറ്റവും പ്രധാനപ്പെട്ട ചിലതുമാത്രം കുറിക്കുന്നു.

ഒന്നാം മനുഷ്യനെ മണ്ണുകൊണ്ട് ദൈവം സൃഷ്ടിച്ചു. മനുഷ്യ വർഗ്ഗത്തിന്റെ ആദ്യ പിതാവിനു ദൈവം ആദാമെന്നു പേരിട്ടു (ഉല്പ.5:2). ആദാം ദൈവത്തിന്റെ മകൻ (ലൂക്കോ.3:38). ഒടുക്കത്തെ ആദാമാകുന്ന ക്രിസ്തു (1 കൊരി. 15:45). ദൈവ ദൂതൻ മുഖാന്തിരം യോസേഫിനോടു അരുളിച്ചെയ്തപ്രകാരം പരിശുദ്ധാത്മാവിനാൽ ജന്മമെടുത്ത ദൈവപുത്രനെ യേശു എന്നു പേർ വിളിച്ചു (മത്താ. 1:25). യേശു എന്ന പേര് യോസേഫ് ഇട്ടതല്ല.

മനഷ്യവർഗ്ഗത്തിന്റെ ആദ്യപിതാവിനു ദൈവം ആദാം എന്നു പേരിട്ടതുപോലെ മനുഷ്യവർഗ്ഗത്തിന്റെ രക്ഷിതാവിന് ദൈവം ഇട്ട പേരാണ് യേശു എന്നത്. യേശു എന്ന പേരിന്റെ അർത്ഥം 'രക്ഷിതാവ് അഥവാ രക്ഷകൻ എന്നാണ്' (മത്താ.1:21; അ.പ്ര.5:31; 13:23; എഫെ.5:23; 1 തിമൊ. 4:10; 1 യോഹ. 4:14).

**എന്തുകൊണ്ട് നാം യേശുവിന്റെ നാമം മുറുകെ പിടിക്കേണം?** നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല" (അ.പ്ര. 4:12).

"യേശുവിന്റെ നാമം സകലനാമത്തിനും മേലായ നാമമാണ്." "അതുകൊണ്ട് ദൈവം അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നൽകി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും, അധോലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവ്" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേണ്ടിവരും (ഫിലി.2:9-11).

യേശുവിനെ കർത്താവു എന്നു വിശ്വസിച്ച് വായികൊണ്ട് ഏറ്റുപറയുന്ന ഏവർക്കും രക്ഷിക്കപ്പെടുവാൻ കഴിയുന്നു. (റോമ.10:9-10).

യേശുവിനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവ മക്കൾ ആകുവാൻ ദൈവം അധികാരം കൊടുത്തിരിക്കുന്നു (യോഹ.1:12).

യേശുവിന്റെ നാമത്തിൽ അത്ഭുതങ്ങൾ നടക്കുന്നതിനാൽ (അ.പ്ര.4:10).

യേശുവിന്റെ നാമത്തിൽ ഭൂതങ്ങൾ കീഴടങ്ങുന്നതിനാൽ (ലൂക്കോ.10:17).

യേശുവിന്റെ നാമത്തിൽ പിതാവായ ദൈവത്തോടു അപേക്ഷിക്കുന്നതൊക്കെയും ചെയ്തുതരാമെന്നു കർത്താവു വാഗ്ദത്തം ചെയ്തിരിക്കുന്നു (യോഹ.15:16; 16:23-24).

യേശുവിന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകെക്കും (മത്താ.10:22).

അപ്പൊസ്തലന്മാരാൽ അത്ഭുതങ്ങളും അടയാളങ്ങളും യേശുവിന്റെ നാമത്തിൽ ജനത്തിന്റെ ഇടയിൽ നടക്കുന്നതു കണ്ടിട്ട് മഹാപുരോഹിതന്മാരും സദൂക്യരും അപ്പൊസ്തലന്മാരെ പിടിച്ച് തടവിലാക്കുകയും അവരെ ഉപദ്രവിക്കയും ചെയ്തശേഷം ഇനി യേശുവിന്റെ നാമത്തിൽ സംസാരിക്കരുത് എന്നു കല്പിച്ച് വിട്ടയച്ചപ്പോൾ അപ്പൊസ്തലന്മാർ യേശുവിന്റെ നാമത്തിനുവേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു (അ.പ്ര.5:40-42). അപ്പൊസ്തലന്മാർ യേശുവിന്റെ നാമം അവസാനത്തോളം മുറുകെ പിടിച്ചതുപോലെ നമ്മെ രക്ഷിച്ച രക്ഷകനായ യേശുവിന്റെ നാമത്തിനുവേണ്ടി ജീവൻ കൊടുക്കേണ്ടിവന്നാലും ആ നാമം അവസാനത്തോളം മുറുകെ പിടിക്കാം.

"അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും" (സങ്കീ.91:14).

(തുടരും)



# യുക്തിചിന്തയും യാഥാർത്ഥ്യങ്ങളും

പ്രൊഫ. ടി. ജോൺ മാത്യു

## 2014 ഒക്ടോബർ ലക്കം "വേദാഭിമാനിയിൽ" പ്രസിദ്ധീകരിച്ച കഥാനാഥന്റെ യുക്തിവാദത്തിനുള്ള മറുപടി 3

നമുക്കുള്ള അടിസ്ഥാന ജ്ഞാനത്തിന്റെ സഹായത്തോടെ സത്യമെന്ന് തെളിയിക്കാൻ പറ്റാത്ത വിശ്വാസങ്ങളെ അന്ധവിശ്വാസങ്ങൾ എന്നു പറയുന്നു എങ്കിൽ അത് അന്ധവിശ്വാസത്തിന്റെ ശരിയായ ഒരു നിർവ്വചനം ആയിരിക്കും. "വസ്തുനിഷ്ഠമായി തെളിയിക്കാൻ പറ്റാത്തതിനെ അന്ധവിശ്വാസം എന്നു പറയുന്നു" എന്നു മാത്രം പറഞ്ഞാൽ ആ നിർവ്വചനത്തിൽ ഉണ്ടായിരിക്കേണ്ട ആശയങ്ങൾ എല്ലാം ഉണ്ടെന്ന് പറയാൻ നിവർത്തിയില്ല. നമുക്ക് കാണാനൊക്കാത്ത റേഡിയോ തരംഗങ്ങളുടെയും ശബ്ദവീചികളുടെയും പ്രകാശതരംഗങ്ങളുടെയും ഒക്കെ അസ്തിത്വം നാം നമുക്ക് ജന്മനാ ഉള്ളതും പ്രായമാകുമ്പോൾ പ്രകടമാകുന്നതുമായ അറിവും യുക്തിബോധവും ഉപയോഗിച്ച് തെളിയിക്കുന്നു എന്നു പറഞ്ഞാൽ അത് തികച്ചും ശരിയാണ്; എന്നാൽ 'വസ്തുനിഷ്ഠമായി' നാം അത് തെളിയിക്കുന്നു എന്നുപറഞ്ഞാൽ ഈ ആശയം വേണ്ടവിധത്തിൽ കിട്ടുന്നില്ല. ഏതായാലും തെറ്റായ വിശ്വാസങ്ങൾ തെറ്റെന്ന് കണ്ടെത്തുകയും ശരിയായ വിശ്വാസങ്ങൾ ശരിയെന്ന് വ്യക്തമാക്കുകയും ചെയ്യേണ്ടതാവശ്യമാണ്; ഇത് എങ്ങനെയാണ് സാധിക്കുന്നതെന്ന് ഇനി നമുക്ക് ചിന്തിക്കാം.

**അന്ധവിശ്വാസങ്ങൾ എങ്ങനെ ഉണ്ടാകുന്നു?**

നമ്മുടെ മനസ്സിന്റെ ഉള്ളിലുള്ള അടിസ്ഥാനജ്ഞാനം ഉപയോഗിച്ച് കാര്യകാരണങ്ങൾ അപഗ്രഥിച്ചും പരീക്ഷണനിരീക്ഷണങ്ങൾ നടത്തിയും നാം എത്തിച്ചേരുന്ന സംശയരഹിതമായ നിഗമനങ്ങൾ യുക്ത്യാനുസാരവിശ്വാസങ്ങളാണ്; ഇതിനു വിപരീതമായ വിധത്തിൽ നാം ചിന്തിക്കുകയും സങ്കല്പിക്കുകയും ഊഹിക്കുകയും ഒക്കെ ചെയ്തു കൊണ്ട് എത്തിച്ചേരുന്ന നിഗമനങ്ങളെയാണ് 'അന്ധവിശ്വാസങ്ങൾ' എന്ന് പറയേണ്ടത്. പ്രാചീനകാലത്ത് സൂര്യഗ്രഹണം നടക്കുമ്പോൾ ചന്ദ്രൻ ഭാഗികമായി അപ്രത്യക്ഷമാകുന്നത് കണ്ടുകൊണ്ട്, രാഹു എന്ന സർപ്പം ചന്ദ്രനെ വിഴുങ്ങാൻ ശ്രമിക്കുകയാണെന്ന് ആരോ സങ്കല്പിക്കുകയും അങ്ങനെ പറയുകയും ചെയ്തതിനെത്തുടർന്ന് ഈ വിശദീകരണം ഭാരതമൊട്ടാകെ ആളുകൾ വിശ്വസിച്ചു എന്നാണ് നമ്മുടെ സാംസ്കാരിക ചരിത്രം പറയുന്നത്. ഇതൊരു അന്ധവിശ്വാസമായിരുന്നു എന്ന് ഇന്ന് ഭാരതത്തിലുള്ള ഒട്ടുമിക്കവരും അംഗീകരിക്കുന്നു. ഒരുകാലത്ത്, അനന്തൻ എന്ന സർപ്പം അതിന്റെ തലയിൽ ഭൂമിയെ താങ്ങിപ്പിടിച്ചുകൊണ്ട് നിൽക്കുകയാണ് എന്ന് നമ്മുടെ രാജ്യത്തെ ആളുകൾ വിശ്വസിച്ചിരുന്നു. അത് കേവലം അന്ധവിശ്വാസമായിരുന്നുവെന്ന് ഇന്നത്തെ ആളുകൾ പരിഗണിക്കുന്നു. ഏതൊരു കാര്യവും വിശദമായി മനസ്സിലാക്കാനുള്ള മനുഷ്യമനസ്സിന്റെ ആഗ്രഹമാണ് വ്യക്തമായും കാര്യകാരണങ്ങളോടുകൂടിയും മനസ്സിലാക്കാൻ സാധിക്കാതിരിക്കുന്ന കാര്യങ്ങളിൽ ഊഹാപോഹങ്ങൾ കൊണ്ട് വിശദീകരണം നൽകാനും അതുകൊണ്ട് തൃപ്തിപ്പെടാനും അവനെ പ്രേരിപ്പിക്കുന്നത്. അറിവിന്റെ എല്ലാ രംഗങ്ങളിലും ഈ പ്രേരണ മനുഷ്യരെ സ്വാധീനിച്ചിട്ടുണ്ട്; അതിനാലാണ് ആധുനിക കാലത്തെ പരമാണു സിദ്ധാന്തം അംഗീകരിക്കപ്പെടുന്നതുവരെ ഡാൾട്ടന്റെ പരമാണു സിന്ധാന്തം (Dalton's Atomic Theory) അഥവാ പരമാണു ദ്രവ്യത്തിന്റെ ഏറ്റവും ചെറിയ അവിഭാജ്യഘടകമാണെന്ന സിദ്ധാന്തം ശരിയാണെന്ന് ശാസ്ത്രലോകത്തിൽ എല്ലാവരും വിശ്വസിച്ചിരുന്നത്. സൂക്ഷ്മമായി ഡാൾട്ടന്റെ പരമാണുസിദ്ധാന്തം വിശകലനം ചെയ്തു പരിശോധിച്ചാൽ അദ്ദേഹം യുക്തിപൂർവ്വം ചിന്തിക്കാതിരുന്നതു കൊണ്ടാണ് ദ്രവ്യത്തിന്റെ ഏറ്റവും ചെറിയ അവിഭാജ്യഘടകമാണ് പരമാണു (Atom) എന്ന് അദ്ദേഹം പറഞ്ഞത് എന്ന് നമുക്ക് കാണാൻ കഴിയും. അന്ധവിശ്വാസങ്ങളിൽ നിന്ന് മോചനം ലഭിക്കുന്നതിന്, നമ്മുടെ മനസ്സിന്റെ ഉള്ളിലുള്ള അടിസ്ഥാനജ്ഞാനം ഉപയോഗിച്ച് യുക്തിപൂർവ്വം ചിന്തിച്ചുകൊണ്ട് കാര്യകാരണങ്ങൾ വിശകലനം ചെയ്തു പരിശോധിച്ച് ഓരോന്നിനെക്കുറിച്ചും മനസ്സിലാക്കുകയാണ് ചെയ്യേണ്ടത്. മനസ്സിലാക്കാൻ വേണ്ട തെളിവ് ലഭിക്കാത്ത കാര്യങ്ങളിൽ നിഗമനങ്ങളിൽ എത്താതെ സാധ്യമല്ലെന്ന നിലപാട് സ്വീകരിക്കുകയും ചെയ്യണം; അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഡാൾട്ടന്റെ പരമാണുസിദ്ധാന്തം പോലുള്ള നിഗമനങ്ങളിൽ നാം എത്തിച്ചേരും.

**'യുക്തിവാദി'കളുടെ നിലപാട്**

"ഞാൻ ദൈവത്തെ കണ്ടിട്ടില്ല", കാണാത്ത കാര്യങ്ങൾ ഉണ്ടെന്ന് വിശ്വസിക്കാൻ തയ്യാറല്ലാത്ത ഒരു യുക്തിവാദിയാണ് ഞാൻ" എന്നാണ് യുക്തിവാദികൾ പറയുന്നത്. "എനിക്ക് കാണാൻ പറ്റാത്ത യാതൊന്നിനും അസ്തിത്വം ഇല്ല" എന്നു ചിന്തിക്കുന്നത് വാസ്തവത്തിൽ യുക്ത്യാനുസാരമല്ല എന്ന് നമുക്കറിയാം; ചുറ്റുപാടുമുള്ള നിലത്തേക്കുമാത്രം നോക്കുകയും ഒരിക്കലും മേല്പോട്ടു നോക്കാതെയിരിക്കുകയും ചെയ്യുന്ന ചില മൃഗങ്ങളുണ്ട്; അവ സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും കാണാത്തതിനാൽ ആകാശത്തിൽ ഈ ഗോളങ്ങൾ ഉണ്ട് എന്ന സത്യം വാസ്തവത്തിൽ ഒരു അന്ധവിശ്വാസമാണെന്ന് നാം പറയുകയില്ല. 'യുക്തിവാദികൾ' ദൈവത്തെ അറിയുന്നില്ല എന്നതുകൊണ്ട് ദൈവം ഇല്ല എന്ന നിഗമനത്തിൽ എത്തിച്ചേരാൻ നമുക്ക് ബാദ്ധ്യത ഇല്ല; എന്നാൽ അവരുടെ ചിന്തകൾക്ക് യുക്ത്യാനുസാരന്യായങ്ങൾ ഉണ്ടോ എന്ന് നാം പരിശോധിക്കേണ്ടതാണ്. പരീക്ഷണനിരീക്ഷണങ്ങളിലൂടെ കണ്ടെത്തുവാൻ കഴിയാത്ത വസ്തുക്കൾ വാസ്തവത്തിൽ ഇല്ലാത്തവയാണെന്ന യുക്തിവാദികളുടെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ സ്പെയ്സും (Space) കാലവും (Time) കൂടാതെ ദ്രവ്യത്തിൽ നിന്ന് ഇതരമായ ഏതെങ്കിലും യാഥാർത്ഥ്യങ്ങൾ പ്രപഞ്ചത്തിലുണ്ടോ എന്ന് യുക്തിപൂർവ്വം പരിശോധിച്ച് നോക്കാൻ ഇനി നമുക്ക് ശ്രമിക്കാം. (തുടരും).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



**സംഘടനകളുടെയോ, പ്രസ്ഥാനങ്ങളുടെയോ, ഏതെങ്കിലും സമൂഹത്തിന്റെയോ സഹകരണമോ പിൻബലമോ ഇല്ലാതെ 25 വർഷത്തെ സുവിശേഷീകരണ പ്രവർത്തനവും, പത്രപ്രവർത്തന രംഗത്ത് 15 വർഷവും പൂർത്തിയാക്കുന്ന ടൈറ്റസ് കാർത്തികപ്പള്ളിയ്ക്ക് 50 വയസ് തികയുന്ന ഈ വേളയിൽ വായനക്കാർ ഉന്നയിച്ച വ്യക്തിപരമായ ചോദ്യങ്ങൾക്ക് ഈ ലക്കത്തിൽ മറുപടി പറയുന്നു.**

1. ജീവിതം രക്ഷപെടുത്താൻ 'അതു ചെയ്യണം, ഇതു ചെയ്യണം' 'ഞങ്ങളുടെ സഭയിൽ വാ' 'അവിടെ അത്ഭുതം ഇവിടെ അത്ഭുതം' എന്നൊക്കെ പറയുമ്പോൾ താങ്കൾക്ക് പറയാനുള്ളത്.
*പി.ആർ.സോമൻ,വാരാപ്പുഴ,തേവർകാട്,എറണാകുളം.*
**എന്നെ രക്ഷിച്ച യേശു നിങ്ങളെയും രക്ഷിക്കും.**

2. സഭാ പ്രസ്ഥാനങ്ങളോട് സഹകരിക്കാതെ താങ്കൾ എങ്ങനെ ഒരു ക്രിസ്തീയ ജീവിതം നയിക്കുന്നു.
*പാസ്റ്റർ എ.കെ.ഉമ്മൻ,മുള്ളിപ്ര,കാരിക്കുളം,തിരുവനന്തപുരം.*
**ആത്മീയത വ്യക്തിപരവും സ്വതന്ത്രവുമാണ്. ഭാവി പ്രത്യാശയെ ഉന്നംവെച്ചുള്ള ജീവിത ക്രമമാണ്. വിശ്വാസം, അനുതാപം, അനുസരണത്തിലൂടെ ദൈവവുമായുള്ള കൂട്ടായ്മയിലേക്ക് വന്നിട്ട് വിശ്വാസം, ആശ്രയം, അനുതാപം, അനുസരണം, സമർപ്പണത്തിലൂടെ മുന്നേറേണ്ട ക്രിസ്തീയ ജീവിതത്തിൽ പ്രസ്ഥാനങ്ങളുടെ പങ്ക് വെറും ഒരു ഓർമ്മപ്പെടുത്തൽ മാത്രമാണ്.**

3. ആത്മീയത പ്രസ്ഥാനവത്ക്കരിച്ചാൽ....
*ജോബി ജോൺ, ചേന്നമറ്റം,പാമ്പാടി,കോട്ടയം*
**അത് വ്യാപാര സ്ഥാപനമായി മാറും.**

4. താങ്കളുടെ ലേഖനങ്ങൾ പലരും സ്വന്തം പേരിൽ പ്രസിദ്ധീകരിക്കുന്നു. ചിലർ സ്വന്തമാക്കി പ്രസംഗിക്കുന്നു. എന്താണൊരു മൗനം.
*ടി.സി.ചെറിയാൻ,വാര്യാപുരം,ഇലന്തൂർ,പത്തനംതിട്ട.*
**എനിക്കോ അതുകൊണ്ട് പ്രയോജനമില്ല, അവരെങ്കിലും അതുകൊണ്ട് ജീവിച്ചുപോട്ടെ.**

5. അത്ഭുത രോഗശാന്തികളെക്കുറിച്ച്...
*ഷേർളി അഗസ്റ്റിൻ, ശാസ്ത്രിറോഡ്, ഈസ്റ്റ്ഫോർട്ട്, തൃശൂർ*
**ടെക്നിക്-ട്രിക്-ഗിമിക്ക്**

6. ഉണർവ്വുയോഗങ്ങളെ ആക്ഷേപിക്കാൻ കാരണം.
*സോഫി സാമുവേൽ,കൊച്ചാറ,മാന്തിപ്ര,ഇടുക്കി*
**പ്രാണൻ പ്രദാനം ചെയ്ത് ആത്മാവിൽ ഉടലെടുക്കേണ്ട അനുഭവം വെറും വികാരപ്രകടനമായി അധഃപതിക്കുന്നത് കാണുന്നതുകൊണ്ട്.**

7. സഭാനേതാക്കന്മാരെക്കുറിച്ചുള്ള താങ്കളുടെ കാഴ്ചപ്പാട്.
*പാ.തോമസ് ജോർജ്ജ്,വെള്ളക്കുളങ്ങര,മണക്കാല,അടൂർ.*
**വിശ്വാസ സമൂഹത്തിനുവേണ്ടിയും ദൈവത്തിനു വേണ്ടിയും സഹിക്കുവാനും ത്യജിക്കുവാനും സന്നദ്ധനായവനാണ് നേതാവ്. ആ സഹനത്തിനും ത്യാഗത്തിനും വിശ്വാസികൾ നൽകുന്ന ആദരവായിരിക്കണം അദ്ധ്യക്ഷപദവി.**

8. നാം കടപവിശ്വാസികൾ എന്നു പറയാൻ കാരണം.
*ജോയ്സ് ബേബി,തുവയൂർ,കടമ്പനാട്,മഞ്ഞിലപ്പള്ളി*
**യേശു സൗഖ്യദായകൻ, യേശു ഇന്നും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. പിന്നെ എന്തിനാണ് ഡോക്ടറെ കാണാൻ നമ്മൾ ക്യൂവിൽ നിൽക്കുന്നത്.**

9. വിശ്വാസികൾക്കും മരണാനന്തര ജീവിതത്തിൽ വിശ്വാസമില്ലെന്ന് പറയരുതായിരുന്നു.
*ഷീബാ അലക്സ്,മാമങ്കലം,പാലാരിവട്ടം,കൊച്ചി*
**സന്തോഷവും സൗഭാഗ്യവും ഉള്ള ആനന്ദപൂർണ്ണമായ നിത്യത ദൈവം ഒരുക്കിയിട്ടുണ്ടെങ്കിൽ മരണഭയത്താൽ ഞാനും നിങ്ങളും ആശുപത്രിയിലേക്ക് ആമ്പുലൻസിൽ പായുന്നതെന്തിന്.**

10. പ്രസംഗകർ വഞ്ചകരാകരുത് എന്നു എന്തിനാണ് പറയുന്നത്.
*പാസ്റ്റർ.ഡെന്നിസൺ,കങ്ങഴ,എടയപ്പാറ,കോട്ടയം.*
**പ്രസംഗം,പ്രവചനം,രോഗശാന്തി പണസമ്പാദനത്തിനുള്ള മാർഗമായി കാണുന്നതുകൊണ്ട്.**

11. ഇന്നത്തെ സഭാപ്രസ്ഥാനങ്ങളെ എങ്ങനെ നോക്കികാണുന്നു.
*ടി.എസ്.ഈശോ,ഓമനപ്പുഴ,പാതിരപ്പള്ളി,ആലപ്പുഴ*
**വെറും കച്ചവടസ്ഥാപനങ്ങൾ. ഇവിടുത്തെ ധനാകർഷണ യന്ത്രം യേശു. ഈ വ്യാപാരസ്ഥാപനങ്ങളിൽ കുരിശോടെയും കുരിശില്ലാതെയും ഓരോരുത്തർക്കും ബോധിച്ച രീതിയിൽ ദൈവത്തെ തൂക്കിവിൽക്കുന്നു.**

12. സുവിശേഷ വേലയ്ക്ക് കയറാതെ ഇറങ്ങുന്നതിനു കാരണം.
*റെനി ജോർജ്ജ്,കോടംതുരുത്ത്,കുത്തിയതോട്,ചേർത്തല.*
**മുടക്കുമുതൽ വേണ്ടാത്ത, മെയ്യ് അനങ്ങാത്ത ബിസിനസിലേക്ക് ഇറങ്ങുകയും കയറുകയുമല്ല എടുത്തുചാടുകയല്ലേ.**

13. അറിയേണ്ടകാര്യം താങ്കൾ തിരിച്ചറിഞ്ഞിട്ടുണ്ടോ?
*ഷൈല ജോസഫ്, ചക്കരപറമ്പ്, ബൈപ്പാസ്, എറണാകുളം.*
**ഉണ്ട്. ആർക്കും എന്നെ ഇഷ്ടമല്ലായെന്ന കാര്യം.**

14. ദൈവത്തിനും താങ്കൾക്കും മാത്രമറിയാവുന്ന രഹസ്യം.
*ജയാപോൾ,കൈതാരം,കോട്ടുവള്ളി,ആലുവ*
**എനിക്ക് ദൈവത്തേയും ദൈവത്തിന് എന്നേയും ഇഷ്ടമാണെന്ന കാര്യം.**

15. ഏകാഗ്രമായ പ്രാർത്ഥനയ്ക്ക് സ്വീകരിക്കാൻ പറ്റിയ മാർഗ്ഗം.
*ലാലി ക്രിസ്റ്റഫർ,സരോവരം, കടയ്ക്കം, ചിറയിൻകീഴ്.*
**ഹൃദയംകൊണ്ട് കാര്യം പറഞ്ഞ് നാവുകൊണ്ട് സ്തോത്രം ചെയ്യുക.**

16. ബലഹീനതയിൽ താങ്കൾ എങ്ങനെ ശക്തിപ്രാപിക്കുന്നു.
*രമ്യജെയിംസ്, മുണ്ടുകോട്, കോപ്പ, കർണ്ണാടക*
**നിരന്തരമായ സ്തോത്രത്തിലൂടെ.**

17. താങ്കൾക്ക് ലഭിക്കാതെ പോയ ഭൗതീക നേട്ടങ്ങൾ.
*അനിതാ സണ്ണി, ചാത്തകുന്ന്, മൂലപ്പാടം, നിലമ്പൂർ.*
**പണവും പ്രശസ്തിയും.**

18. താങ്കൾക്ക് ഇല്ലാതെപോയ കാര്യങ്ങൾ.
*ടി.എം.കോശി,ഉദയഗിരി,എടമൺ,നിലമ്പൂർ.*
**ആകർഷകമായ മുഖഭാവവും സംസാരവും.**

19. ജീവിതത്തിലെ വലിയ നേട്ടമായികരുതുന്നത്...
*ജോളി വിൽസൻ,നീർപ്പാറ,വടകര,തലയോലപ്പറമ്പ്*
**ജോലിചെയ്ത് ജീവിയ്ക്കാൻ സാധിച്ചത്. ദൈവവേല എന്റെ വേലയാക്കി മാറ്റാത്തത്.**

20. ഉറപ്പിച്ച് പറയാൻ കഴിയുന്നത്.
*പാസ്റ്റർ എൽ.രാജേഷ്.ക്ലാപ്പന,വള്ളിക്കാവ്,കൊല്ലം.*
**ദൈവത്തിനുവേണ്ടി ചെയ്ത ഒരു ശുശ്രൂഷയ്ക്കും പണം വാങ്ങിയിട്ടില്ല എന്നുള്ളത്.**

21. ജീവിതത്തിൽ ഒരു മാറ്റവും ഇല്ലാതെ തുടരുന്നത്.
*സാജൻ വർഗ്ഗീസ്,മേക്കൊഴൂർ,മൈലപ്ര,പത്തനംതിട്ട*
**മഴ നനഞ്ഞും വെയിലുംകൊണ്ടും വേദന സഹിച്ചുള്ള സ്കൂട്ടർ യാത്ര.**

22. താങ്കൾക്ക് വെളിപ്പെട്ടുകിട്ടിയ സത്യം.
*ബാബുരാജ്,കുറ്റമല,അമ്പൂരി,വെള്ളറട*
**ഞാൻ ആരുമല്ല-ഒന്നുമല്ല-ദൈവം മാത്രം തുണ.**

23. ദൈവത്തെ മാത്രം പ്രസാദിപ്പിക്കണമെന്നു പറയുന്ന താങ്കൾ ജീവിതത്തിൽ അത് പ്രായോഗികമാക്കിയിട്ടുണ്ടോ.
*സിബി കുര്യൻ, തലക്കോട്, കോതമംഗലം, എറണാകുളം.*
**ദൈവസ്നേഹത്തിൽ മനുഷ്യരെ പ്രസാദിപ്പിക്കാൻ ശ്രമിച്ച് പരാജയപ്പെട്ടു എന്നതു സത്യം.**

24. യേശു പലപ്പോഴും താങ്കളെ ആശ്വസിപ്പിച്ചു എന്നു പറയുന്നു. എന്തു പറഞ്ഞാണ് ആശ്വസിപ്പിച്ചത്.
*വിജയൻ വെട്ടത്തോട്,ഓമല്ലൂർ,പുത്തൻപീടിക*
**കരയരുത്, നിനക്ക് ഞാനില്ലേ.**

25. അനുഗ്രഹവും സമ്പത്തും പ്രസംഗിക്കുന്നവർ പറയുന്നതാണോ, അതോ താങ്കൾ പറയുന്നതാണോ ശരി.
*പാസ്റ്റർ.എം.എ.ഐപ്പ്,പയ്യപ്പാടി,ചീരംകുളം,കോട്ടയം*
**ക്രൂശിതനായ ക്രിസ്തുവിനേയും ഉയർത്തെഴുന്നേറ്റ യേശുവിനേയും ചൂണ്ടികാണിച്ച് 'രക്ഷ', 'നിത്യജീവൻ' 'സ്വർഗ്ഗീയ അനുഗ്രഹങ്ങൾ' എന്നു പറയുന്നതാണോ അതോ 'യേശു കാശു തരും' എന്നു പറയുന്നതാണോ ശരി.**

26. മനുഷ്യരെ ചൂഷണം ചെയ്ത് പണം സമ്പാദിക്കാനായി തങ്ങളുടെ മതം വിഭാവനം ചെയ്യുന്ന ദൈവത്തെക്കുറിച്ച് കുറെ കാര്യങ്ങൾ കാണാതെ പഠിച്ച് പ്രസംഗിക്കുന്നു അല്ലാതെ ദൈവം എന്ന വിഷയത്തിൽ എന്തു സത്യവും യാഥാർത്ഥ്യവുമാണുള്ളത്. നിരീശ്വരനായി ജീവിച്ച താങ്കൾ സത്യം തുറന്നു പറയാൻ മടിക്കുന്നതെന്തിന്.
*പ്രദീപ് ചെറുതുരുത്തി, രായമംഗലം,കുറുപ്പുംപടി,പെരുമ്പാവൂർ.*
**ഒരു പിതാവിനെപ്പോലെ, ഉറ്റസ്നേഹിതനെപ്പോലെ ജീവിതത്തിൽ ഇടപെടുന്ന ഒരു ദൈവത്തെ ഞാൻ അറിയുന്നു, അനുഭവിക്കുന്നു.**

സ്നേഹിപ്പാനും ആശ്രയിപ്പാനും ലോകത്തിൽ ആരും ഇല്ലായെന്ന ബോധ്യത്തിലാണ് ഞാൻ യേശുവുമായുള്ള ബന്ധത്തിലേക്ക് വരുന്നത്. അനുദിന ജീവിതത്തിൽ ദൈവത്തിന്റെ ഇടപെടലുകളെക്കുറിച്ച് ബോധ്യമില്ലാത്തതിനാൽ ആദ്യനാളുകളിൽ തെറ്റുകളും കള്ളത്തരങ്ങളുമൊക്കെ ജീവിതത്തിൽ ഉണ്ടായി. അതിനൊക്കെ കഠിനമായി ശിക്ഷിച്ച് അതിലൂടെ എങ്ങനെ ജീവിയ്ക്കണമെന്ന് യേശു എന്നെ പഠിപ്പിച്ചു. ഇപ്പോഴും ചെറിയ തെറ്റിനുപോലും അവിടുന്ന് എന്നെ ശിക്ഷിക്കുന്നു. ആഗ്രഹങ്ങളും മോഹങ്ങളും ഒന്നും സാധിപ്പിച്ച് തരാറില്ലെങ്കിലും ജീവിതത്തിൽ എന്റെ എല്ലാ കാര്യങ്ങളും നടത്തിതരുന്നത് ദൈവമാണ്. കൊച്ചുകൊച്ച് സന്തോഷങ്ങൾ തരുമെങ്കിലും വലിയ ആഹ്ലാദങ്ങൾ ഒന്നും അനുവദിക്കാറില്ല. ദുഃഖം അനുവദിക്കുമെങ്കിലും നിലവിളി ഉയരുന്നതിനുമുമ്പ് ആശ്വസിപ്പിക്കുകയും പ്രശ്നം പരിഹരിക്കുകയും ചെയ്യും. ഞാൻ ചിലപ്പോൾ അങ്ങോട്ട് ദേഷ്യപ്പെടാറുണ്ട്, പരാതി പറയാറുണ്ട്, പിറുപിറുക്കാറുണ്ട്. എങ്കിലും അവിടുന്ന് അതൊക്കേയും മനഃപ്പൂർവ്വമായി ക്ഷമിക്കുന്നു. ഒരുപക്ഷേ അതൊന്നും കാര്യമാക്കാറേയില്ല എന്നാണെനിക്ക് തോന്നുന്നത്.

എനിക്ക് വ്യക്തിപരമായി കിട്ടുന്ന സാമ്പത്തിക നന്മകൾ ചിലപ്പോൾ അതേപടി ആവശ്യപ്പെടും. തിരിച്ച് എനിക്ക് ആവശ്യം വരുമ്പോൾ ഒരു മടിയും കൂടാതെ അത്യാവശ്യത്തിനുള്ളത് കയ്യിൽവച്ചുതരും. അതെ ദൈവത്തെക്കുറിച്ചുള്ള എന്റെ അനുഭവങ്ങൾ പറഞ്ഞാലും പറഞ്ഞാലും തീരില്ല. ഹൃദയം നിറഞ്ഞു കവിയുന്ന സന്തോഷത്തോടെ കണ്ണീരോടെയാണ് ഞാൻ ഇത് എഴുതുന്നത്. നമ്മുടെ ജീവിതത്തിലെ ദുഃഖത്തിലും സന്തോഷത്തിലും വേദനയിലും എല്ലാം പങ്കുചേർന്ന് നമ്മിൽ ഒരുവനായി മാറുന്ന ദൈവം. ഒരിക്കലും വിട്ടുപിരിയാനാവാത്ത ഈ ബന്ധത്തിൽ എന്നോടൊപ്പമുള്ളത്, ഞാൻ അനുഭവിക്കുന്നത് വഴിയും സത്യവും ജീവനുമായ ദൈവത്തെയാണ്.



# വേദാഭിമാനിയുടെ മറുപടി

***ടൈറ്റസ് കാർത്തികപ്പള്ളിയ്ക്ക് ശാസ്ത്രീയവും ചരിത്രപരവുമായ അറിവുണ്ടെങ്കിലും മതത്തോട് തീവ്രമായ ആഭിമുഖ്യം പുലർത്തുന്നതിനാൽ യുക്തിചിന്ത കൂടാതെ എല്ലാം ദൈവമാണെന്നു പറയുന്നു. മതവും യുക്തിചിന്തയും ഒരിക്കലും ചേർന്നു പോകില്ല. മതം യുക്തിക്കും ശാസ്ത്രത്തിനും എന്നും എതിരാണ്. ഭൗതിക വിക്ഷാഗതി ഇല്ലാത്തതിനാലാണ് മനുഷ്യന്റെ ഏറ്റവും വലിയ കണ്ടുപിടുത്തങ്ങളെപോലും നിസ്സാരവത്ക്കരിച്ച് സംസാരിക്കുന്നത്.***

***-പ്രൊഫ.പുത്തേടം പരമേശ്വരൻ, പനവേലിൽ, കുന്നംതടത്ത്, ഇടപ്പള്ളി,കൊച്ചി***

യുക്തിയുടെയും മതത്തിന്റെയും വിഹാരസാമ്രാജ്യങ്ങൾ വാസ്തവത്തിൽ രണ്ടാണെങ്കിലും മതം യുക്തി വിരുദ്ധമാണെന്ന് അതിനർത്ഥമില്ല. മതം യുക്തി ബോധത്തിനോ, ശാസ്ത്രത്തിനോ ഒരിക്കലും എതിരല്ല. ചിലപ്പോൾ മതതത്വങ്ങൾ വിശദീകരിക്കുന്നതിനുപോലും യുക്തിചിന്ത ആവശ്യമായി വരുമെന്ന വസ്തുത നാം പ്രത്യേകം ഗൗനിക്കേണ്ടതാണ്.

ഭൗതിക ശാസ്ത്രസിദ്ധികളിൽ ഏറ്റവും മഹത്തും ആധുനികവുമായ ഒന്നാണല്ലോ ഗോളാന്തര യാത്ര. 1969-ാമാണ്ടിലാണ് മനുഷ്യന്റെ ചിരകാലസ്വപ്നമായിരുന്ന ആ ലക്ഷ്യം സാക്ഷാൽക്കരിച്ചത്. ചാന്ദ്രയാത്രികരായ ശാസ്ത്രജ്ഞൻമാർ ദൈവനിഷേധികളോ മതനിഷേധികളോ അല്ലായിരുന്നു. മറിച്ച്, ദൈവഭക്തന്മാരായിരുന്നു. അപ്പോളോ പന്ത്രണ്ടിലെ ചാന്ദ്രിക യാത്രക്കാർ യാത്ര ആരംഭിക്കുന്നതിനു മുമ്പെ ദൈവത്തെ പ്രാർത്ഥിച്ചു. കമാണ്ടർ ഫ്രാങ്ക്ബാർമൻ ലോകജനതയ്ക്ക് സാർവത്രികമായ സമാധാനം ആശംസിച്ചുകൊണ്ട് പ്രാർഥിച്ചു.

"ദൈവമേ, മനുഷ്യന് എന്തൊക്കെ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിലും ലോകത്തിൽ സ്നേഹം കാണാനുള്ള കാഴ്ച ഞങ്ങൾക്കു നൽകേണമേ! ഞങ്ങൾ അജ്ഞന്മാരും ദുർബലന്മാരുമാണെങ്കിലും നിന്റെ മഹത്വത്തിലും നൻമയിലും വിശ്വസിപ്പാനുള്ള ശക്തി ഞങ്ങൾക്ക് പ്രദാനം ചെയ്താലും! സാർവ്വത്രികമായ സമാധാനത്തിന്റെ ദിനം കൈവരുന്നതിന് ഞങ്ങൾക്കു എന്തുചെയ്യാൻ കഴിയുമെന്ന് കാണിച്ചു തരേണമേ!"

അപ്പോളോ യാത്രികനായ എഡ്വിൻ ആൾഡ്രിൻ ചന്ദ്രനോടടുത്തപ്പോൾ ദൈവത്തെ പ്രാർത്ഥിച്ചതായി അദ്ദേഹം തന്നെ ലോകത്തെ അറിയിക്കുകയുണ്ടായി. ഈശ്വരവിശ്വാസവും ശാസ്ത്രമനസ്സും തമ്മിൽ ശത്രുത്വമില്ലെന്നാണ് ഇതു തെളിയിക്കുന്നത്. എന്നാൽ ഈശ്വരനേയും മതത്തേയും നിഷേധിക്കുന്ന പ്രവണതയാണ് ഇന്നത്തെ യുക്തിവാദികളിൽ പൊതുവേ നാം കാണുന്നത്. യുക്തിബോധത്തിന്റെയും ശാസ്ത്രീയ വിജ്ഞാനത്തിന്റേയും അനിവാര്യ താല്പര്യമാണതെന്ന് തോന്നും അവരുടെ ഈ നിലപാടു കാണുമ്പോൾ. ഇതേപ്പറ്റി സ്വല്പം ആലോചിക്കുന്നത് ഇവിടെ അസംഗതമാവില്ലെന്നു തോന്നുന്നു.

പത്തൊമ്പതാം ശതകത്തിലും ഇരുപതാം ശതകത്തിന്റെ ആരംഭത്തിലും മനഃശാസ്ത്രകാരന്മാരിൽ പലരും മതത്തെ പാടെ തള്ളിക്കളഞ്ഞിരുന്നു. 1856 -1939 കാലത്ത് ജീവിച്ച സിഗ്മണ്ട് ഫ്രോയ്ഡ് മതത്തെ ഒരു മിഥ്യാസങ്കൽപമായും ബാലചാപല്യമായുമാണ് വീക്ഷിച്ചിരുന്നത്. ഈ മാർഗത്തിൽ ആധുനികശാസ്ത്രകാരന്മാർ കുറേ ദൂരം സഞ്ചരിച്ചു. എന്നാൽ, ആ വീക്ഷണം ശരിയല്ലെന്നും മതം മനുഷ്യന് അത്യന്താപേക്ഷിതമാണെന്നുമാണ് അത്യാധുനിക മനഃശാസ്ത്ര വിദഗ്ധന്മാരുടെ മതം. ഇരുപതാം നൂറ്റാണ്ടിലെ ഒരു പ്രമുഖ മനഃശാസ്ത്രപണ്ഡിതനായി ഗണിക്കപ്പെടുന്ന യുങ്ങി (Jung)ന്റെ നിഗമനം കാണുക:

*"സ്വാഭാവികമായ ഒരു മതാത്മകഘടകം മനുഷ്യൻ ഉൾക്കൊള്ളുന്നു. അവന്റെ മാനസികാരോഗ്യവും ചിത്തസ്ഥിരതയും-മറ്റു പ്രവണതകളെപ്പോലെത്തന്നെ ആ മതാത്മകചോദനകളെ പ്രകാശിപ്പിക്കുന്നതുകൊണ്ടേ നിലനിർത്താനാവുകയുള്ളു. മതത്തെ മിഥ്യാസങ്കല്പമായും, യാഥാർഥ്യത്തിൽനിന്നുള്ള ഒളിച്ചോട്ടമായും, ബാലചാപല്യമായും വീക്ഷിക്കുന്നതിന് വിരുദ്ധമായ ഒരു നിലപാടത്രെ ഇത്. നമ്മുടെ ചരിത്രത്തിൽ മതങ്ങൾ വഹിച്ചിട്ടുള്ള പങ്കും ഉണർത്തിവിട്ട വികാരോർജവും കലാസൃഷ്ടികൾക്കും വിജ്ഞാനങ്ങൾക്കും ആതുരശുശ്രൂഷക്കും നിർമാണപ്രവർത്തനത്തിനും അവ നല്കിയ ഭീമമായ ശക്തിയും സംഭാവനയും മനസ്സിലാക്കാതെയായിരുന്നു പ്രസ്തുത വീക്ഷണം. എങ്കിലും അതിനു വലുതായ വ്യാപകത്വം ലഭിച്ചിട്ടുണ്ട്."*




യുക്തിബോധത്തിന് വിരുദ്ധമല്ലെങ്കിലും അതിനതീതമായ ഒന്നാണ് മതം എന്നു യുങ്ങ് സമർഥിക്കുന്നു. എന്നാൽ മതബോധത്തിന് പ്രധാനമായും ആധാരമായി വർത്തിക്കുന്നത് അന്തഃകരണാനുഭൂതിയത്രെ. ഇതിനാണ് ശാസ്ത്രജ്ഞന്മാർ അന്തർജ്ഞാനം (Intuition) എന്നു പറയുന്നത്. മതത്തിലും ദൈവത്തിലും വിശ്വസിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത് പ്രസ്തുത അന്തശ്ചോദനമാകുന്നു. യുക്തിയേക്കാൾ ആശ്രയിക്കാൻ പറ്റിയതാണ് അന്തഃകരണാനുഭൂതി. എന്തുകൊണ്ടന്നാൽ യുക്തിയിൽ ബോധമനസ്സിന്റെ പ്രവർത്തനം മാത്രമേയുള്ളു. അന്തഃകരണത്തിലാവട്ടെ, ബോധമനസ്സിനോടൊപ്പം, യുഗാന്തരങ്ങളായി മനുഷ്യൻ സമാഹരിച്ചു വന്ന ജ്ഞാനവിജ്ഞാനങ്ങളുടെ ഭണ്ഡാകാരമായ അബോധമനസ്സിന്റെ പ്രവർത്തനം കൂടിയുണ്ട്. മതപരമായ എല്ലാറ്റിന്റെയും സാധുത്വത്തിന് നിദാനം കുറേയൊക്കെ പ്രസ്തുത അന്തഃകരണാനുഭൂതിയാകുന്നു. പഞ്ചേന്ദ്രിയങ്ങളുടെ നിവേദനങ്ങളാണല്ലോ യുക്തിക്കാസ്പദം. അന്തഃകരണാനുഭൂതിക്ക് മറ്റൊരു ഇന്ദ്രിയത്തിന്റെ-അബോധമനസ്സിന്റെ-കൂടി പിൻബലം ലഭിക്കുന്നു. "മതവും ഈശ്വരനും ഏതു മുതിർന്ന മനുഷ്യനും ശാസ്ത്രജ്ഞനും അനിവാര്യമായിത്തീരുന്ന സന്ദർഭമുണ്ടാവും. മതം മരിക്കുകയില്ല; ഈശ്വരൻ പുറം തള്ളപ്പെടുകയുമില്ല."

## ശാസ്ത്രത്തിന്റെ പരിമിതി

മനുഷ്യവിജ്ഞാനത്തിന്റെ എല്ലാമാണ് ശാസ്ത്രമെന്ന് ആരെങ്കിലും ധരിക്കുന്നുണ്ടെങ്കിൽ ആ ധാരണ അബദ്ധമാണെന്ന് പറയാതെ തരമില്ല. ശാസ്ത്രീതിക്ക് ഒരു പരിധിയുണ്ട്. തികച്ചും പരിമിതമായ പരിധി. ആ സീമക്കപ്പുറം വിഹരിക്കുവാൻ ശാസ്ത്രത്തിന് സാധ്യമല്ല. അതിന്റെ വീക്ഷണം വസ്തുനിഷ്ഠമാണ്. പദാർഥലോകത്തിനപ്പുറം പോവാൻ ശാസ്ത്രം ശക്തമല്ല. ഏറ്റവും ഉന്നതശീർഷരായ ശാസ്ത്രജ്ഞന്മാർ ഇതു തുറന്നുസമ്മതിക്കുന്നുണ്ട്. പ്രമുഖ ഭൗതിക ശാസ്ത്രകാരനായ ഐൻസ്റ്റൈൻ തന്റെ Out of my later years എന്ന പുസ്തകത്തിൽ (അവസാന അധ്യായം) എഴുതുന്നു:



*"വസ്തുക്കൾ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു, ഓരോന്നും എങ്ങനെ രൂപപ്പെട്ടിരിക്കുന്നു എന്നതിനപ്പുറം ശാസ്ത്ര സമ്പ്രദായത്തിനൊന്നും പഠിപ്പിക്കാനാവില്ല. മനുഷ്യൻ ഈ രംഗത്താർജിച്ച, വീരോചിതമായ നേട്ടങ്ങളെ ലഘൂകരിക്കുകയാണ് ഞാൻ ചെയ്യുന്നതെന്ന് അർഥമാക്കരുത്. മനുഷ്യകഴിവിന് പ്രാപിക്കാവുന്ന, പരമോന്നതമായ മേഖലയിലേക്ക് വസ്തുനിഷ്ഠമായ പ്രസ്തുത വിജ്ഞാനം എത്തിയിട്ടുണ്ട്. പക്ഷെ, 'എന്താണ്' എന്നതു സംബന്ധിച്ച അറിവ് 'എന്താവണം' എന്ന അറിവിന്റെ കവാടം തുറന്നുതന്നിട്ടില്ലെന്നതും അത്രതന്നെ പ്രകടമാണ്. എന്താണ് എന്നത് സംബന്ധിച്ച, പൂർണവും സുവ്യക്തവുമായ അറിവോ മനുഷ്യലക്ഷ്യം എന്താവണമെന്ന് ഗ്രഹിപ്പാനോ ശാസ്ത്രത്തിനു കഴിവുണ്ടായിട്ടില്ല. ഏതാനും ലക്ഷ്യങ്ങൾ നേടിത്തരാൻ പറ്റിയ, സുശക്തമായ ഉപകരണം മാത്രമാണ് വസ്തുവിജ്ഞാനീയം. എന്നാൽ പരമലക്ഷ്യവും അത് പ്രായോഗികമാക്കാനുള്ള ത്വരയും മറ്റു സ്രോതസ്സുകളിൽനിന്നു വരേണ്ടിയിരിക്കുന്നു!"*

ഐൻസ്റ്റൈൻ സൂചിപ്പിച്ച മറ്റു സ്രോതസ്സുകളെന്ന വിവക്ഷ ദിവ്യവെളിപാടു മുഖേന ലഭ്യമാകുന്ന ജ്ഞാനസരിത്തുകൾ, അഥവാ മതഗ്രന്ഥങ്ങൾ ആയിരിക്കണം. ജീവിതത്തിന്റെ പരമമായ ലക്ഷ്യമെന്തെന്നും, അത് സാക്ഷാത്കരിക്കാൻ യുക്തമായ മാർഗങ്ങളേവയെന്നും നമുക്ക് അറിവ് തരുന്നത് അവയാണല്ലോ. ചുരുക്കിപ്പറഞ്ഞാൽ പദാർത്ഥ വിജ്ഞാനീയം മനുഷ്യചേതനയെ പൂർണതയിലേക്കെത്തിക്കുന്നില്ല. ജീവിതത്തിന്റെ അത്യുത്കൃഷ്ട മേഖലയിലേക്ക് മനുഷ്യനെ നയിക്കുന്നത് മതവും ദൈവവുമാണ്. ദൈവികവെളിപാടിന്റെ അസ്ഥിവാരത്തിന്മേൽ അധിഷ്ഠിതമായ വിജ്ഞാനസാഗരത്തിൽ മുങ്ങിത്തപ്പാതെ മാനവരാശിയുടെ പരമലക്ഷ്യം കരഗതമാക്കാൻ സാധ്യമല്ല.

ആധുനിക യുക്തിവാദികളുടെ ഒരു മഹാചാര്യനും ഭൗതിക തത്വചിന്തകന്മാരുടെ അനിഷേധ്യ നായകനുമായി വിചാരിക്കപ്പെടുന്ന ബർട്രാണ്ട് റസ്സലിന്റെ നിലപാട് പരിശോധിക്കുന്നത് ഇത്തരുണത്തിൽ കൗതുകമായിരിക്കും. ആകാരത്തോടുകൂടിയവനും പ്രാപഞ്ചികഗതിയിൽ യഥേഷ്ടം കൈകടത്തുന്നവനുമായ ഒരു ദൈവമുണ്ടെന്ന വാദത്തെ റസ്സൽ എതിർത്തിട്ടുള്ളത് ശരിയാണ്. എന്നാൽ അദ്ദേഹം കേവല ദൈവവിശ്വാസത്തെ എതിർക്കുന്നില്ലെന്നും ദൈവത്തെക്കുറിച്ച് ചില മത സങ്കൽപങ്ങളെ മാത്രമാണ് നിഷേധിക്കുന്നതെന്നുമാണ് മനസ്സിലാകുന്നത്. എന്തെന്നാൽ, പദാർഥങ്ങളേയും ശക്തികളേയും ജീവജാലങ്ങളേയും ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു നിയമത്തേയും അനുരഞ്ജനശക്തിയേയും അദ്ദേഹം അംഗീകരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പ്രസ്തുത നിയമങ്ങളുടെയും അനുരഞ്ജനശക്തിയുടെയും പേരാണ് ഈശ്വരൻ! ദൈവവിശ്വാസിയായ സോമർഫേൽഡ് എന്ന ശാസ്ത്രജ്ഞന് റസ്സൽ അയച്ച ഒരു കത്തിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അതിൽ പറയുന്നു:

"സാകാരനും, ഇച്ഛാനിച്ഛകൾക്കൊത്ത് പ്രാപഞ്ചികഗതിയിൽ ഇടപെടുന്നവനും സ്വേഛാധിപതിയുമായ ഒരു ഈശ്വരനിൽ ഞാൻ വിശ്വസിക്കുന്നില്ല. പ്രപഞ്ചപദാർത്ഥങ്ങളേയും ജീവജാലങ്ങളേയും ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സനാതനനിയമങ്ങൾക്കും അനുരഞ്ജനശക്തികൾക്കുമുള്ള പേരാണ് ഈശ്വരൻ."

എന്നാൽ സാകാരനും, സർവകാരുണികനുമായ ഒരു ദൈവത്തെക്കുറിച്ചുള്ള സങ്കല്പം മനുഷ്യന് ആശ്വാസവും സഹായവും നല്കുന്നുണ്ടെന്ന വസ്തുത അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. ആകയാൽ പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ പിറകിൽ ഏതോ ഒരു അദൃശ്യശക്തിയുടെ പ്രവർത്തനം നടക്കുന്നുവെന്ന വസ്തുത ഭൗതികവീക്ഷാഗതി അംഗീകരിച്ചവർക്കും നിഷേധിക്കുക സാധ്യമല്ല.

അനേകം കണ്ടുപിടിത്തങ്ങൾ നടത്തിയ ശാസ്ത്രജ്ഞനാണ് സർ ജയിംസ് സിംപ്സൺ. ബോധം കെടുത്തുന്നതിനുള്ള ക്ലോറോഫോം 1847-ൽ കണ്ടുപിടിച്ചതോടെയാണ് അദ്ദേഹത്തെ ലോകം അറിയാൻ തുടങ്ങിയത്. നിരവധി കണ്ടുപിടിത്തങ്ങൾക്ക് ഉടമയായ സിംപ്സനോട് അദ്ദേഹത്തിന്റെ അവസാന നാളുകളിൽ ഒരു യുവശാസ്ത്രജ്ഞൻ ചോദിച്ചു, 'അങ്ങയുടെ കണ്ടുപിടിത്തങ്ങളിൽ ഏറ്റവും മഹത്തായത് ഏതാണ്?

'എന്റെ ഏറ്റവും വലിയ കണ്ടുപിടിത്തം ഞാൻ മഹാപാപിയാണെന്നും യേശുക്രിസ്തു എന്റെ രക്ഷകനാണെന്നും ഉള്ളതാണ്'. സിംപ്സൺ മറുപടി നൽകി.

പാപത്തിൽ നിന്നും തിന്മയിൽ നിന്നും മനുഷ്യകുലത്തെ രക്ഷിക്കുവാനാണ് യേശുദേവൻ ഭൂമിയിൽ അവതരിച്ചത്. ഒരു വ്യക്തി അതു തിരിച്ചറിയുന്നതാണ് ഏറ്റവും വലിയകണ്ടുപിടിത്തം.

This is the Word of God

Visit us:
www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-

RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

Published on 1st March 2015
Posted on 15, 16 March 2015
Posted at R.M.S. Kayamkulam



# വേദപുസ്തകവും ആധുനികശാസ്ത്രവും

## വേദശാസ്ത്ര പഠനപരമ്പര 4

**ഏ**റ്റവും ഭാരം കുറഞ്ഞത് ഹൈഡ്രജൻ എന്ന മൂലകത്തിന്റെ അണുവാണ്. 600,000,000,000,000,000,000,000 (6നു പുറകെ 23 പൂജ്യം ഇട്ടാൽ കിട്ടുന്ന തുക) ഏറ്റവും ഭാരം കൂടിയ അണു യുറേനിയത്തിന്റേതാണ്. അതിന് ഹൈഡ്രജൻ അണുവിന്റെ 238 മടങ്ങു ഭാരമുണ്ട്.

അണുക്കളെ വിഭജിക്കുവാൻ കഴിയുകയില്ലെന്നു 1897 വരെ വിശ്വസിച്ചിരുന്നു. ആറ്റം എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം തന്നെ അവിഭാജ്യം അഥവാ ഛേദിക്കുവാൻ കഴിയാത്തത് എന്നാണ്. എന്നാൽ 1897-ൽ ജെ.ജെ.താംസൻ എന്ന ശാസ്ത്രജ്ഞൻ അണുവിൽ നിന്ന് ഇലക്ട്രോൺ എന്നൊരു പദാർത്ഥത്തെ വേർപെടുത്തി. ക്രമേണ, അണുവിന് ഘടനയുണ്ടെന്നു വെളിപ്പെട്ടു. അണുവിന്റെ കേന്ദ്രഭാഗത്തിന് ന്യൂക്ലിയസ് എന്നു പേർ. ന്യൂക്ലിയസിന്റെ വ്യാസം അണുവിന്റെ വ്യാസത്തിന്റെ 1/ഒരു ലക്ഷം ഭാഗമാണ്. ന്യൂക്ലിയസിന് വെളിയിൽ ഇലക്ട്രോണുകൾ ഉണ്ട്. ഇലക്ട്രോണിന് ഹൈഡ്രജൻ അണുവിന്റെ 1/1840 ഭാഗം ഭാരമുണ്ട്. അണുവിന്റെ പിണ്ഡം (Mass) ഏറിയ കൂറും ന്യൂക്ലിയസിലാണു കേന്ദ്രീകരിച്ചിരിക്കുന്നത്.



ഇലക്ട്രോൺ എന്നതു വൈദ്യുതിയുടെ ഏറ്റവും ചെറിയ അംശമാണ്. വൈദ്യുതി രണ്ടു തരത്തിലുണ്ട്. ഊന വൈദ്യുതി (Negative electricity)യും അധിക വൈദ്യുതി (Positive electricity)യും. ഇവ പരസ്പരം വികർഷിക്കുന്നു (repel). ഇലക്ട്രോൺ ഊന വൈദ്യുതിയാണ്. ന്യൂക്ലിയസിൽ അധികവൈദ്യുതിയുണ്ട്. ഇവ തമ്മിൽ ആകർഷിച്ച് ഇലക്ട്രോൺ ന്യൂക്ലിയസിൽ പതിച്ച് നിർവീര്യമാകുവാൻ സാദ്ധ്യതയുണ്ട്. അങ്ങനെ സംഭവിക്കുന്ന പക്ഷം വസ്തുക്കളുടെ രാസപ്രഭാവങ്ങളെല്ലാം നഷ്ടപ്പെട്ടു പ്രപഞ്ചം പ്രവർത്തനരഹിതമായിത്തീരും. ഭൂമി സൂര്യന്റെ ആകർഷണത്തിനു വിധേയമായി സൂര്യനിൽ പതിക്കാത്തത് അതിവേഗം സൂര്യനു ചുറ്റും ഭൂമി പ്രദക്ഷിണം ചെയ്യുന്നതുകൊണ്ടാണല്ലോ. അതുപോലെ ഇലക്ട്രോൺ ന്യൂക്ലിയസിനു ചുറ്റും പ്രദക്ഷിണം ചെയ്യുന്നുണ്ടാവും എന്നു റൂതർഫോർഡും, നീൽസ്ബോർ എന്ന ശാസ്ത്രജ്ഞന്മാർ 1912-ൽ അഭിപ്രായപ്പെട്ടു. ഭൂമി സ്വന്തം അച്ചുതണ്ടിൽ കറങ്ങിക്കൊണ്ടിരിക്കുന്നതുപോലെ ഇലക്ട്രോണും സ്വന്തം അച്ചുതണ്ടിൽ കറങ്ങുന്നുണ്ടെന്നു 1925-ൽ ഊലൻബെക്ക് എന്ന ശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടു. ഇലക്ട്രോൺ ഒരു കണിക (particle) ആണെന്ന സങ്കല്പത്തിലാണ് ഈ അഭ്യൂഹങ്ങളെല്ലാം നിലനിൽക്കുന്നത്. ഒരു ബിന്ദുവിൽ കേന്ദ്രീകരിച്ചിരിക്കുന്ന വസ്തുവിനെയാണ് കണിക എന്നു പറയുന്നത്. ഇലക്ട്രോൺ ഒരു കണികയാണെന്നു സങ്കല്പിച്ച് മുമ്പോട്ടുപോയാൽ പലവൈഷമ്യങ്ങൾ നേരിടും. അതുകൊണ്ട് ഇലക്ട്രോൺ കണികയല്ല, തരംഗ സമൂഹം (group of waves) ആണെന്നു ലൂയിസ് ഡി ബ്രോയ് (Louis de Broglie) എന്ന ഫ്രഞ്ചു ശാസ്ത്രജ്ഞൻ 1924-ൽ അഭിപ്രായപ്പെട്ടു. അങ്ങനെ തരംഗവാദം (wave theory) ആവിർഭവിച്ചു. ഇലക്ട്രോൺ ഒരേ സമയം കേന്ദ്രീകൃതമായ കണികയായും വ്യാപൃതമായ തരംഗസമൂഹമായും സ്ഥിതിചെയ്യുവാൻ സാദ്ധ്യമല്ല. അഥവാ തരംഗവാദവും കണികവാദവും പരസ്പരം വിരുദ്ധമാണ്. ഇവയിൽ ഏതാണ് ശരിയെന്നു തീരുമാനിക്കുവാൻ പരീക്ഷണങ്ങൾ നടത്തുകയുണ്ടായി. കണിക സ്വഭാവം വെളിപ്പെടത്തക്ക പരിതഃസ്ഥിതികൾ സംജാതമാക്കുന്ന പരീക്ഷണങ്ങളിൽ ഇലക്ട്രോൺ "കണിക" എന്നതുപോലെ പെരുമാറി. മറിച്ച്, തരംഗസ്വഭാവം പ്രകടമാകത്തക്ക പരീക്ഷണങ്ങളിൽ ഇലക്ട്രോൺ "തരംഗം" എന്നപോലെ പെരുമാറി.

ഇതുപോലുള്ള ഒരു സ്ഥിതിവിശേഷം 1905-ൽ വെളിച്ചത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള വാദങ്ങളിലും ഉളവായി. വെളിച്ചത്തിന്റെ ഏറ്റവും ചെറിയ അംശം കണികയാണോ തരംഗമാണോ എന്നതാണു ആ വാദം. അതിനും തീർപ്പു കല്പിക്കുന്ന കാര്യത്തിൽ പരീക്ഷണം പരാജയപ്പെട്ടു. അങ്ങനെ നിരീക്ഷണ വിധേയമായ ഏതു വിഷയത്തിനും തീർപ്പു കല്പിക്കുവാൻ പരീക്ഷണങ്ങൾ സഹായിക്കും എന്ന ശാസ്ത്രത്തിന്റെ വിശ്വാസം തകർന്നുപോയി. വളരെ ഏറെ വാദപ്രതിവാദങ്ങൾക്കു ശേഷം ഇലക്ട്രോൺ വാസ്തവത്തിൽ തരംഗവുമല്ല കണികയും അല്ല അതിന്റെ സ്വഭാവം മനുഷ്യൻ മനസ്സിലാക്കുവാൻ ശ്രമിക്കുമ്പോൾ അതു ചില പരിതഃസ്ഥിതികളിൽ തരംഗം പോലെയും മറ്റു ചില പരിതഃസ്ഥിതികളിൽ കണിക പോലെയും പെരുമാറുന്നുവെന്നേയുള്ളു എന്ന നിഗമനത്തിൽ ശാസ്ത്രജ്ഞന്മാർ എത്തി ചേർന്നു. ഇലക്ട്രോണിന്റെ ഘടനയിൽ അന്തർലീനമായിരിക്കുന്ന ദൈവത്തിന്റെ ജ്ഞാനം മനുഷ്യന്റെ ഗ്രഹണശക്തിയെ വെല്ലുവിളിച്ച് പരാജയപ്പെടുത്തിയിരിക്കുന്നു.

വസ്തു (ദ്രവ്യം-matter) എന്നാൽ എന്ത് എന്ന ചോദ്യത്തിന് സ്കൂൾ വിദ്യാർത്ഥികൾ ഉത്തരം പറയും. പിണ്ഡമുള്ളതും സ്ഥിതിചെയ്യുവാൻ സ്ഥലം ആവശ്യമുള്ളതുമായ ഒന്നാണ് വസ്തു എന്ന്. എന്നാൽ ആധുനിക ശാസ്ത്രജ്ഞൻ ഈ ചോദ്യത്തിന്റെ മുമ്പിൽ മുട്ടുകുത്തും. വസ്തുവും പിണ്ഡവും സ്ഥലവും സമയവും എല്ലാം മനുഷ്യന്റെ ഗ്രഹണശക്തിക്കു അപ്പുറത്താണ്.

ആധുനിക ശാസ്ത്രത്തിന് അടിസ്ഥാനമിട്ട ഗലീലിയോ എന്ന ശാസ്ത്രജ്ഞൻ Dialogue on the Great world systems എന്ന കൃതിയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "പ്രകൃതിയുടെ പ്രഭാവങ്ങളെ ഗ്രഹിക്കുവാൻ മനുഷ്യന്റെ ബുദ്ധിശക്തി മതിയായതാണെന്നു വിശ്വസിക്കുന്നവർ അസാധാരണബുദ്ധിഹീനരാണെന്നു ഞാൻ എപ്പോഴും കരുതുന്നു. ലോകത്തിലുള്ള ഏറ്റവും പ്രതിഭാശാലികളായ ചിന്തകന്മാർക്കു പ്രകൃതിയുടെ പ്രതിഭാസങ്ങളിൽ ഏറ്റവും നിസാരമായവ പോലും പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കുകയില്ല. എല്ലാം അറിയാം എന്നഭാവം യാതൊന്നും ഒരിക്കലും വേണ്ടവിധം അറിഞ്ഞിട്ടില്ലാത്തതുകൊണ്ട് ഉളവാകുന്നതാണ്". ഗലീലിയോ 1642-ൽ മരിച്ചു. എങ്കിലും ഗലീലിയോയുടെ ഈ അഭിപ്രായം പൂർണ്ണമായും സത്യമാണെന്നു ആധുനികശാസ്ത്രം സാക്ഷ്യം വഹിക്കുന്നു. അറിയേണ്ടതുപോലെ മനുഷ്യൻ ഇന്നുവരെ ഒന്നും അറിഞ്ഞിട്ടില്ല തന്നെ (1 കൊരി. 8:2).

(തുടരും)

## അയാൾക്ക് ഒന്നും മനസിലായില്ല

**അ**യാൾ അത്ഭുതങ്ങൾ നടക്കുന്ന പ്രാർത്ഥനാകേന്ദ്രത്തിൽ എത്തിയത് സംശയത്തിന്റെ ഭാണ്ഡവുമേന്തിയാണ്. പ്രസംഗത്തിന്റെ ഇടവേളകളിൽ പ്രാർത്ഥിക്കാൻ കൂടിവന്നവർക്ക് കൃപാവരപ്രാപ്തനോട് നേരിട്ട് സംസാരിക്കാമായിരുന്നു. ഒരു ഇടവേളയിൽ അയാൾ തന്റെ സംശയങ്ങൾ വിലയേറിയ ദാസന്റെ മുമ്പിൽ കാഴ്ചവെച്ചു. "പാസ്റ്ററുടെ പ്രസംഗത്തിൽ പറയുന്നതെല്ലാം ബൈബിളിൽ ഉള്ള കാര്യങ്ങളാണോ? യേശു അത്ഭുതം ചെയ്യാനാണോ ഭൂമിയിൽ വന്നത്? ചോദിയ്ക്കുന്നതൊക്കെ യേശു കൊടുക്കുമോ?" അയാളുടെ സംശയങ്ങൾ നീണ്ടുപോയപ്പോൾ പാസ്റ്റർ പറഞ്ഞു. സംശയിക്കേണ്ട ഞാൻ പറയുന്നതൊക്കെ വേദപുസ്തകത്തിലുള്ള കാര്യങ്ങളാണ്. യേശു അത്ഭുതങ്ങളുടെ ദൈവമാണ്.

വിലയേറിയ ദാസന്റെ മറുപടി അയാളെ അസ്വസ്ഥനാക്കി. സുവിശേഷത്തിലെ യേശു എവിടെ? അത്ഭുതം പ്രവർത്തിക്കാനും കാശുതരാനും വന്ന യേശുവിനെ എന്തിനാണ് ക്രൂശിച്ചത്? ഈ നിസ്സാര കാര്യത്തിനാണോ ദൈവം കഷ്ടപ്പെട്ട് ഭൂമിയിൽ അവതരിച്ചത്? എങ്ങനെയും നല്ലവനാകാൻ വന്ന അയാൾക്ക് ഒന്നു മനസിലായില്ല.

അയാൾ അസ്വസ്ഥനാകുമ്പോഴും അത്ഭുതദാസൻ അത്ഭുതകൃത്യങ്ങൾ വിവരിക്കുകയായിരുന്നു. അതിനിടയിൽ ചിലർ തങ്ങൾക്കു സംഭവിച്ച അത്ഭുതങ്ങളെക്കുറിച്ച് എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. അപ്പോൾ മാന്ത്രികനു മുന്നിലെ കൈയ്യടിക്കുപകരം അവിടെ ഉയർന്നത് "സ്തോത്രം ഹാലേലുയ്യ" വിളികളായിരുന്നുവെന്നു മാത്രം.




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew